പുസ്തകം ൧൩. ലക്കം ൧.

# കർമ്മലകുസുമം.

# The Flower of Carmel



പ്രതിമാസ പത്രിക.

July 1918.

## സംഗതി വിവരം.

1. നമ്മുടെ മൂന്നു ശത്രുക്കൾ.
2. പത്തുപ്രമാണങ്ങൾ.
3. വിശുദ്ധ ബർത്തലൂമ്മെയുടെ അന്നയെന്ന ധന്യയുടെ ജീവചരിത്രം.
4. ഭക്തജീവിതപ്രവേശനം.
5. തിരുഹൃദയഭക്തന്മാർ ൧൯൦൭ കർക്കടകമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.
6. ലോകവർത്തമാനച്ചുരുക്കം.

# നോട്ടീസ്

### ആണ്ടൊന്നുക്കു തപാൽക്കൂലി ഉൾപ്പെടെ ബ്രി. രൂപാ ൧.

യാതൊരുത്തൻ അഞ്ചുപേരെ പത്രവരിക്കാരായി ചേർത്തു പേരയക്കയും സ്വന്ത മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റു വാങ്ങിച്ചുകൊടുക്കയും പത്രവരി പിരിച്ചു ഒന്നാകെ അടക്കുകയും ചെയ്യുന്നതായാൽ അയാൾക്ക് ആറാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

“കർമ്മെല കുസുമം” മാനേജർ,

Mannanam. മാന്നാനം.

മാസികയുടെ വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ച് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്ക് ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പി. ആയി മാത്രമെ അയക്കയുള്ളു. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്ക് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

കർമ്മല കുസുമം

പുസ്തകം ൧൩)  ൧൯൧൬ ജൂലൈ  (ലക്കം ൧.

## നമ്മുടെ മൂന്നുശത്രുക്കൾ.

(D. J.)

### പിശാച്.

### II.

പിശാച് നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുന്നത് വളരെ സാവധാനത്തോടും കരുതലോടും കൂടിയാണ്. ഓരോ പതനങ്ങളിൽകൂടി കാൎയ്യം കാണുന്ന അവന്റെ ക്ഷമ അതിശയിക്കത്തക്കതുതന്നെ. ഉദാഹരണമായി നമുക്കു പ്രാൎത്ഥനയുടെ കാൎയ്യം തന്നെ എടുത്തുനോക്കാം. ആരംഭത്തിൽ അതിൽ നാം എത്ര ശ്രദ്ധയും ഭക്തിയും പ്രദൎശിപ്പിക്കുന്നു; എന്തെന്നാൽ നാം സംഭാഷിക്കുന്നത് സൎവ്വശക്തനും സൎവ്വജ്ഞാനിയും നമ്മുടെ സകലത്തിനും ആദികാരണവുമായ ദൈവത്തോടാണെന്നുള്ള ബോധം നമ്മിൽ ബലമായി സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഇതൊക്കെ നമുക്കു ജോലിത്തിരക്കില്ലാത്തപ്പോളായിരുന്നു. ഇപ്പോഴാവട്ടെ ബദ്ധപ്പാടു നിമിത്തം പ്രാൎത്ഥന തിരക്കിലും ധൃതിയിലുമായി കഴിച്ചുകൂട്ടുന്നു. ഇപ്രകാരം ഓടിച്ചും പതറിച്ചും ചെയ്യുന്നതുതന്നെ കുറെ കഴിയുമ്പോൾ ചുരുക്കാനായിട്ടാണ് പിശാച് നമ്മെ തോന്നിക്കുക. ഇതിനും നാം കിഴ്പ്പെട്ടു നെററിമേൽ കുരിശു വരച്ച് ഏതാണ്ടോ ഒക്കെ ഒന്നു ചൊല്ലി പ്രാൎത്ഥനയുടെ കടമ നിറവേററി എന്നു സമാധാനിക്കുന്ന ഒരു നിലയെ പ്രാപിക്കുന്നു. ഒരു പക്ഷെ പൂൎണ്ണമായി ഇതിനെ ഉപേക്ഷിക്കാനും മതി. കുമ്പസാരം, കുൎബ്ബാന, പ്രസംഗം കേൾക്കുക, ആത്മശോധന, ജ്ഞാനവായന മുതലായവയോടും വൎത്തിക്കുന്നതും ഇപ്രകാരംതന്നെ. അതേ, ഇതിനൊന്നും നമുക്കു സമയമില്ല. അത്യാവശ്യമായ ഈ ഏകസംഗതിക്കു നമുക്കു സമയമില്ല! നമ്മുടെ അന്ത്യം സമീപിക്കുന്നു; എന്നാലും പിശാചുമായുള്ള മൈത്രിക്കു ഭംഗം വരുത്താതെ നമ്മുടെ ജീവിതത്തെ അവനായി കാഴ്ചവയ്ക്കുന്നു. ഇങ്ങനെയാണു പിശാച് നമ്മെ പട്ടിണിയിട്ടു വശത്താക്കുന്നത്.

സ്വൎഗ്ഗം അതിലെ പരമസന്തോഷങ്ങളോടുകൂടിയും നരകം നിത്യാഗ്നിയോടുകൂടിയും നമ്മുടെ മുമ്പിൽ നില്ക്കുന്നു. നാം ഓരോനിമിഷവും ഇതിൽ ഏതെങ്കിലും ഒരു സ്ഥലത്തെ സമീപിച്ചുകൊണ്ടാണിരിക്കുന്നത്. അത് ഏതെന്നന്വേഷിപ്പാൻപോലും നമ്മുടെ "നൂറായിരംകൂട്ടം ജോലി" സമയം തരുന്നില്ലായെന്നതു കഷ്ടമല്ലേ! ഓ! എന്തൊരു ഭോഷത്തം. നമ്മുടെ കണ്ണുകെട്ടി നമ്മെ നാശകൂപത്തിലേക്കുന്തിയിടാൻ പിശാചിനെ അനുവദിക്കയോ? ഇവയ്ക്കൊക്കെ ഏകകാരണം നമ്മുടെ വിചാരക്കുറവല്ലാതെ മറെറാന്നുമല്ല. സുവിശേഷത്തിലെ ധനികനു പററിയതും ഇതുതന്നെയാണ്. അയാളുടെ പാപം കൊലപാതകമോ ദൈവദൂഷണമോ അല്ലായിരുന്നു. അയാൾ ദൈവത്തിനെതിരായി പിറുപിറുത്തില്ല. പിന്നെയോ ദൈവത്തെ അയാൾ മറന്ന്

ജോലിയുടേയും സന്തോഷങ്ങളുടേയും മദ്ധ്യേ ദൈവത്തിനുവേണ്ടി ഒരു നിമിഷം പോലും ചെലവിടാതെ ജീവിച്ചതാണ് അയാളെ നരക പാതാളത്തിന്നടിയിൽ കൊണ്ടാക്കിയതു്. അയാൾ വിലപിടിച്ച വസ്ത്രങ്ങൾ ധരിച്ചിരുന്നെന്നും നന്നായി ഭക്ഷിച്ചിരുന്നുവെന്നും പറയപ്പെട്ടിരിക്കുന്നു. എന്നാൽ ഇവയൊന്നും സ്വയമേ നിത്യനാശത്തിനു തക്ക ഗൌരവമേറിയ പാപങ്ങളല്ല. അയാളുടെ കുറ്റം പലരും അഭിപ്രായപ്പെടുന്നതു പോലെ ദൈവത്തെക്കൂടാതുള്ള ജീവിതമായിരുന്നു. ഇതിന്റെ അവസാനം അയാളുടെ നിത്യനാശവുമായിരുന്നു. ജീവിച്ചിരുന്നപ്പോൾ അയാൾ ദൈവത്തെ സ്മരിച്ചില്ല; മരിച്ചപ്പോൾ അയാളെ ദൈവവും മറന്നു. ഇപ്രകാരമാണ് ദൈവത്തെ സ്മരിക്കാതെ പിശാചിനു വശംവദരായി ജീവിക്കുന്നവരുടെ അവസാനം.

ചതി, വ്യാജപ്രസ്താവന എന്നിവയാണ് പിശാചുപയോഗിക്കുന്ന വേറെ ചില തന്ത്രങ്ങൾ. അവൻ തിന്മയെ നന്മയെന്നും, നന്മയെ തിന്മയെന്നും വിളിക്കും; വെളിച്ചത്തെ ഇരുട്ടെന്നും ഇരുട്ടിനെ വെളിച്ചമെന്നും, മാധുര്യത്തെ കൈപ്പെന്നും കൈപ്പിനെ മാധുര്യമെന്നും അവൻ പറയും. ഇങ്ങിനെയാണല്ലോ അവൻ നമ്മുടെ ആദിമാതാവിനെ തട്ടിച്ചതും. അവൻ നമ്മുടെ സ്നേഹിതനും അഭ്യുദയകാംക്ഷിയുമെന്ന നിലയിലാണ് വർത്തിക്കുക. ഒരു കുററത്തേയും കുററമായി നമ്മെ അവൻ സമ്മതിപ്പിക്കയില്ല. ഇതാണ് അധികം നാശകരമായിട്ടുള്ളതു്. ഇപ്പോഴും അവൻ മനുഷ്യനോടു ചോദിക്കുന്നതും "എന്തുകൊണ്ടാണ് ഈ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നു ദൈവം മുടക്കിയിരിക്കുന്നതു്" എന്നാണ്. ഇതിനെ നാം ശ്രദ്ധിച്ചാൽ നമുക്കു ദുരിതം. നാം ദൈവമായിത്തീരുകയില്ല പിശാചായി തീരും. ദൈവം സ്വയമായോ തിരുസഭ വഴിയായോ നമ്മോടു വല്ലതും കല്പിക്കുമ്പോൾ നമ്മുടെ ചുമതല അതിനെപ്പററി ഗുണദോഷവിവേചനം ചെയ്യുകയല്ലാ, അനുസരിക്കയത്രേ. എന്നാൽ നേരെമറിച്ചാണ് ചിലർ ചെയ്യുന്നതെന്നു വ്യസനസമേതം സ്മരിക്കേണ്ടിയിരിക്കുന്നു. പിശാചിനാൽ വശീകരിക്കപ്പെട്ടു് തങ്ങളുടെ ബുദ്ധിശക്തിയേയും അഭിപ്രായത്തേയും മുൻനിറുത്തി ദൈവവാക്യത്തേയും മേലധികാരികളുടെ വിധികളേയും അസ്ഥിരപ്പെടുത്തി അവരവരുടെ പ്രാമുഖ്യത്തെ സ്ഥാപിപ്പാൻ ചിലർ എത്രയോ ജാഗരൂകരായി കാണപ്പെടുന്നു. ഈ കൂട്ടരുടെ മുമ്പിൽ ഒരു ഭിക്ഷു യാചിച്ചു നിൽക്കുന്നു. വിശുദ്ധ ലിഖിതങ്ങളിൽ ദൈവം ദാനത്തെപ്പററി പറഞ്ഞിരിക്കുന്നതെല്ലാം അവരുടെ മനസ്സിൽ ഉദിച്ചുവരുന്നു. "അരൂപിയുടെ അനുകമ്പയാൽ പരസ്പരം വർത്തിക്കുക", "ഭൂരിശമായി വിതയ്ക്കുന്നവൻ ഭൂരിശമായി കൊയ്യും": "നിന്റെ ത്രാണിപോലെ ഉപകാരം ചെയ്യുക, നിനക്കു അധികമുണ്ടെങ്കിൽ ധാരാളമായി കൊടുക്കുക, കുറച്ചേ ഉള്ളുവെങ്കിൽ മനസ്സോടെ കുറേ കൊടുക്കുക. എന്തുകൊണ്ടെന്നാൽ ഭിക്ഷ കൊടുക്കൽ എല്ലാ പാപത്തിൽനിന്നും മരണത്തിൽനിന്നും രക്ഷിച്ചു് അന്ധകാരത്തിലേക്കു പോകാൻ ആത്മാവിനെ സമ്മതിക്കയില്ല" എന്നും മററും ഓർമ്മയിൽ വരും. എന്നാൽ പിശാചു് ഈ നല്ല പ്രവൃത്തിയിൽനിന്നും മനുഷ്യരെ തടയുന്നതിനായി ചില കുയുക്തികളെ തോന്നിക്കാനും തുടങ്ങും. ദൈവവാക്യങ്ങളെ പ്രത്യക്ഷത്തിൽ അവൻ നിഷേധിക്കുന്നില്ല; ദാനത്തിന്റെ മേന്മയെ അവൻ സമ്മതിക്കുന്നുമുണ്ടു്. എന്നാൽ ഓരോരുത്തരുടേയും കടമയെ നിർവ്വഹിക്കാതിരിക്കത്തക്കവണ്ണം പ്രഥമദൃഷ്ട്യാ ശരിയെന്നു തോന്നുന്ന ഒരുനൂറായിരം ന്യായങ്ങളെ കൊണ്ടുവരും. ഒരുത്തൻ പറയുന്നു. "ഓ! ദാനം ചെയ്യുന്നതു നല്ലതുതന്നെ. എന്നാൽ അതു വഴിയിലും പുഴയിലും വച്ചല്ല; വീട്ടിൽവന്നാൽ വല്ലതും കൊടുക്കാം. ഭിക്ഷക്കാരെല്ലാം വഞ്ചകന്മാരായ വേഷധാരികൾ മാത്രമാണ്. അവർക്കു ദാനം കൊടുത്താൽ നാം മടിയെ അനുകൂലിക്കയാണു ചെയ്യുന്നതു്." ഇയ്യാൾ ഇങ്ങനെ പറയുന്നതു് ഔദാര്യക്കുറവു കൊണ്ടാണെന്നു പറഞ്ഞാൽ അയാൾക്കു പിടിക്കയില്ല. ദാനം കൊടുക്കുന്നതു ഒരു നല്ലകാര്യമെന്നു ഈ ആൾ സമ്മതിക്കും. എന്നാൽ നാം ഈക്കൂട്ടർക്കു ദാനം കൊടുത്തുകൂടാ. അവർ ഭിക്ഷകി

ട്ടുന്നതുകൊണ്ടു കള്ളുകുടിക്കും എന്നൊക്കെ പറഞ്ഞു ഒഴിഞ്ഞുമാറുന്നവരും ഉണ്ടു്. സാക്ഷാൽ പാവപ്പെട്ടവർ പടിവാതുക്കൽക്കൂടി കിടന്നാൽ തിരിഞ്ഞുനോക്കുന്നവരല്ലാതെയുമിരിക്കാം ഈ കൂട്ടർ. പണം പോകുന്നതാണിവരുടെ ഭയം. എന്നാൽ ഇതു ഇവർ സമ്മതിക്കയുമില്ല. ഇങ്ങനെയൊക്കെയാണു് പിശാചു മനുഷ്യനെ ഒരു നല്ല പ്രവൃത്തിയുടെ ആരംഭത്തിൽ തടുക്കുന്നതു്. എന്നാൽ ഇവർ യാതൊരു മടിയുംകൂടാതെ കണ്ണുമടച്ചു പണം മററു വിഷയങ്ങളിൽ ചെലവിടുന്നവരാണു താനും.

ഏററവും പൂജ്യമായ സംഗതികളിലും പിശാചു ഉപയോഗിക്കുന്ന കണി ഇപ്രകാരംതന്നെയാണു്. ഉദാഹരണമായി ശു. കുർബ്ബാനയുടെ സ്വീകരണത്തെത്തന്നെ എടുക്കാം. നമുക്കു ബലത്തെതന്നു നമ്മുടെ ശത്രുക്കളെ തോല്പിക്കാനുതകുന്ന ഏററം വലിയ ഒരു കൂദാശയാണിതു്. ആകയാൽ പിശാചു്, നാമിതിനെ കൈക്കൊള്ളാതിരിപ്പാൻ കഴിയുന്നതും പരിശ്രമിക്കുന്നു. എന്നാലും അതു ഒരു ചീത്തസംഗതിയാണെന്നു തോന്നിക്കാതിരിക്കാൻ തക്ക വിവേകം അവനുണ്ടു്. അതു ഏററവും നല്ല ഒന്നാണെന്നു അവൻ പറയും. രോഗിയായ ഞാൻ —ഒരുനൂറു കൂട്ടം വേലയും പണിയും ഉള്ള ഞാൻ— ഈ മഴക്കാലത്തു കാലത്തെ തണുപ്പേറ്റു പള്ളിയിലേക്കു പോവുക യുക്തമാണോ എന്നൊക്കെ തോന്നിക്കയും നമ്മുടെ ആരോഗ്യം, ലോകകാര്യങ്ങൾ മുതലായവയെ കാണിച്ചുകൊണ്ടു നമ്മേ തടയുകയും ചെയ്യുന്നു. ഇപ്രകാരംതന്നെ കുമ്പസാരത്തിലും. നാം ദോഷത്തിൽ ദിവസങ്ങളും മാസങ്ങളും കൊല്ലങ്ങളും കഴിച്ചു് പാപത്തിൻെറ ജൂബിലികളും കഴിച്ചുനടക്കയും ചെയ്യേക്കാം. ഇങ്ങനെ ഓരോ സംഗതികൾ നിസ്സാരങ്ങളായി കാണിക്കയും നാം അവയിൽ വീഴുമ്പോൾ അവയെ പർവ്വതീകരിച്ചു നമുക്കുകാട്ടി നമ്മിൽ ഭയവും നിരാശയും ജനിപ്പിക്കുകയും ചെയ്യുകയാണു് അവൻെറ പതിവു്.

നമ്മെ ആത്മികകാര്യങ്ങളെ മറപ്പിക്കുന്നതിനായി പിശാചു ഉപയോഗിക്കുന്ന വേറൊരു തന്ത്രം സകല തിന്മകളുടേയും നാരായ വേരായ ദ്രവ്യാഗ്രഹം നമ്മിൽ ജനിപ്പിക്കയാണു്. ദ്രവ്യാഗ്രഹവും അതിനെ സമ്പാദിപ്പാനുള്ള വിചാരവും ഒരുവനിൽ കടത്തിക്കഴിഞ്ഞാൽ പിന്നെ പിശാചിൻെറ കളിക്കോപ്പാണു് മനുഷ്യൻ. ദ്രവ്യം വർദ്ധിക്കുന്തോറും ആഗ്രഹവും വർദ്ധിച്ചു്, സന്മാർഗ്ഗിക വിചാരങ്ങളേയും ശ്രേഷ്ഠതരമായ ചിന്തകളേയും അവനിൽനിന്നും ഓടിച്ചുകളയുന്നു. അത്യാവശ്യ സംഗതികൾക്കു അയാൾക്കു സമയമില്ല. ഇങ്ങനെയുള്ളവൻ എങ്ങനെ പ്രാർത്ഥിക്കും? പ്രാർത്ഥനാസമയത്തു അവൻെറ തലച്ചോറു വേകുന്നു; ഹൃദയം ദ്രവ്യാഗ്രഹത്താൽ കഠിനമായി ഇടിക്കുന്നു; മനസ്സു പണയാധാരത്തിന്മേലും, ഒററിയിന്മേലും, പലിശയിന്മേലും, രസീതുകളിന്മേലും പറന്നെത്തുന്നു. ദ്രവ്യം വർദ്ധിക്കുന്തോറും മനുഷ്യരക്തം രുചിച്ച സിംഹത്തെപ്പോലെ മനുഷ്യനായിത്തീർന്നു് മാർഗ്ഗങ്ങൾ ന്യായങ്ങളോ അല്ലയോ എന്നുള്ള നോട്ടമില്ലാതെ മനസ്സാക്ഷിയെ വലിച്ചുനീട്ടി ദരിദ്രരേയും വിധവകളേയും ഉപദ്രവിക്കു, കള്ളപ്രമാണങ്ങൾ സൃഷ്ടിക്കു മുതലായ നിന്ദ്യപ്രവൃത്തികളിലേക്കു ചാടുന്നു. ധനം വർദ്ധിക്കുന്തോറും മടിയും വർദ്ധിച്ചു് പിന്നെ തോന്ന്യാസജീവിതമായി. ഇവരാണു് സാക്ഷാൽ പിശാചിൻെറ ദല്ലാളുകാർ. പിശാചിനേക്കാൾ ഉപദ്രവം ഇവർ വരുത്തിക്കൂട്ടും. എന്തുകൊണ്ടെന്നാൽ മനുഷ്യരായ ഇവർക്കാണു് മനുഷ്യരെ വേഗത്തിൽ വഷളാക്കാവുന്നതു്.

ഇപ്പോഴത്തെ പുസ്തകങ്ങളും കടലാസുകളുമാണു് പിശാചു് ഉപയോഗിക്കുന്ന വേറൊരുതരം ബോംബുകൾ. ഈ ബോംബുകൾ മനുഷ്യരുടെയിടയിൽ വീണു് സന്മാർഗ്ഗബോധത്തെ തകർത്തു് നോവലുകളിലേക്കും മററും ബുദ്ധിയെ ചിതറിക്കയാണു് ചെയ്യുന്നതു്. ഇതുതന്നെയാണു് പ്രത്യേകം ഇപ്പോഴത്തെ ചെറുപ്പക്കാരെ നശിപ്പിക്കുന്ന കഴനാക്കപ്പലുകളും. ഇവയൊന്നും വായിക്കരുതെന്നു പറഞ്ഞാൽ കത്തോലിക്കാസഭക്കു അതിനെ എതിർത്തുനില്പാൻ ശക്തിയില്ലാഞ്ഞിട്ടെന്നു ആരും തെററിധരിക്കേണ്ടാ. അതു പാറമേൽ പണിതിരിക്കുന്ന ഒരു സ്ഥാപനമാണു്; നരകവാതിലുകൾ അതിനോടു പ്ര

ബലപ്പെടുകയുമില്ല. ഭക്തികൃത്യങ്ങളിൽ നാം പ്രവേശിക്കുമ്പോഴാണ് ഇവയുടെ ഫലം നാമറിയുക. നമ്മുടെ ബോധത്തിൽ ഓരോ കഥാപാത്രങ്ങൾ നൃത്തം ചെയ്തു് ചിത്തവികാരങ്ങൾ ജനിച്ച് നമ്മുടെ സൽകൃത്യങ്ങളേക്കൂടിയും ദുഷ്കൃത്യങ്ങളാക്കി തീൎക്കും. ഇതിനേക്കാളധികമാണ് മദ്യപാനംമൂലം പിശാച് നമുക്കു വരുത്തിക്കൂട്ടുന്ന നാശങ്ങൾ. മദ്യം മനുഷ്യനെ മൃഗമാക്കിത്തീൎക്കുന്നു. ആദ്യം പിശാച് ഇതിനെ ഔഷധത്തിനായി ഉപയോഗിപ്പിക്കയും ഒടുവിൽ 'കുടി'യിൽ അവസാനിപ്പിക്കയും ചെയ്യുന്നതു് സാധാരണമാണ്. കുടിയിൽനിന്നും കൊലപാതകം, വ്യഭിചാരം, ആത്മഹതി, ഭ്രാന്തു മുതലായവയുണ്ടാകയും, ആത്മാവിനേയും ശരീരത്തേയും ഒന്നുപോലെ നശിപ്പിക്കയും ചെയ്യുന്നു. മദ്യം ദുഷ്ടാഗ്രഹങ്ങളെ ജനിപ്പിച്ച് ആദത്തിൻസന്തതികളിൽ ഉറങ്ങി കിടക്കുന്ന വന്യമൃഗങ്ങളെ ഉണൎത്തിവിടുന്നു. രക്തപ്പാച്ചിലിനെ വേഗതപ്പെടുത്തി മേലംശത്തെ കീഴംശത്തിനു് കീഴ്പ്പെടുത്തുന്നു; മൃഗത്തിൽനിന്നും മനുഷ്യനെ വേർതിരിക്കുന്ന സുബോധത്തെ നശിപ്പിച്ച് ലോകത്തിലുള്ള എല്ലാ വൈദികന്മാരും മാൎപ്പാപ്പാ തന്നെയും ഉണ്ടായിരുന്നാൽപോലും ദോഷംപോക്കാൻ പാടില്ലാത്ത വിധമാക്കിത്തീൎക്കുന്നു. മദ്യപാനികളുടെ ആത്മാവ് പിശാചിൻെറ വേഷാന്തരംതന്നെ സംശയമില്ല.

എന്തിനു പിശാച് ഇപ്രകാരം സകലത്തേയും, നമ്മെ പരീക്ഷിച്ച് പിശാചുക്കളാക്കാനായി ഇളക്കിവിടുന്നു? ഇതൊക്കെയും ദൈവാനുവാദപ്രകാരമെന്നതു് സത്യമാണ്. ഇതിനനുവദിക്കുന്നതു ദൈവസഹായത്തിൻെറ വിലയെ നമ്മെ അറിയിക്കുന്നതിനും നാം നമ്മുടെ ബലക്ഷയത്തെ അറിഞ്ഞു് എളിമപ്പെടുന്നതിനും പിശാചുക്കൾ അധികമായി ലജ്ജിക്കുന്നതിനുമായിട്ടാണ്. പിശാച് ഇങ്ങിനെ ഓരോന്നിനെ ഇളക്കിവിട്ടു നമ്മെ പരീക്ഷിക്കുന്നതു് ആത്മീയശക്തികളായ ബുദ്ധിയിലും മനസ്സിലും നേരിട്ടു പ്രവൎത്തിക്കാൻ പാടില്ലാഞ്ഞിട്ടാണ്. അതിനാലാണ് അവൻ നമ്മുടെ ഓൎമ്മയേയും ഭാവനാശക്തിയേയും ആക്രമിച്ച്, ദുൎവ്വിചാരങ്ങളെ വിതറി, നമ്മുടെ ദുൎമ്മോഹങ്ങളെ ഉണൎത്തി, സകല പാപങ്ങളുടെയും രാജ്ഞിയായ നിഗളത്തെ നമ്മിൽ കടത്തി നമ്മെ പിടികൂടുന്നതു്.

ഇനി ഇവൻെറ പരീക്ഷയെ നാം എങ്ങിനെയാണ് നിരോധിക്കേണ്ടതെന്നു നോക്കാം. ഇതിനു നമ്മുടെ കൎത്താവു തന്നെ മാതൃക കാട്ടിത്തന്നിട്ടുമുണ്ട്. താൻ ൪൦ ദിവസം വനത്തിൽ നോമ്പുനോററ ശേഷം പിശാച് തന്നോടു കല്ലിനെ അപ്പമാക്കി ഭക്ഷിപ്പാൻ പറഞ്ഞു. തൻെറ മറുപടി, മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതു് ദൈവാധരത്തിൽ നിന്നു പുറപ്പെടുന്ന ഓരോ വാക്കാലുമാണെന്നായിരുന്നു. പിന്നെ തന്നെ ദേവാലയത്തിന്മീതെ കയററിക്കൊണ്ടു താഴോട്ടു ചാടി താൻ ദൈവപുത്രനാണെങ്കിൽ കാണിക്കാൻ പറഞ്ഞതിനു്, നിൻെറ ദൈവമായ കൎത്താവിനെ പരീക്ഷിക്കരുതെന്നു എഴുതപ്പെട്ടിരിക്കുന്നുവെന്നും, ഒരു പൎവ്വതത്തിൻമീതെ കയററി ലോകത്തെ കാട്ടിക്കൊണ്ട് തന്നെ ആരാധിച്ചാൽ അവയെല്ലാം തരാമെന്നു പിശാചു പറഞ്ഞതിനു് സാത്താനെ പോക എന്നും ധൈൎയ്യസമേതം പറഞ്ഞു. ഇപ്രകാരമായിരിക്കണം നമ്മുടെ അനുവൎത്തനവും. എന്നാൽ പിശാച് നമ്മോടടുക്കുകയില്ല; ദൈവസഹായം നമുക്കു വൎദ്ധിക്കയും ചെയ്യും. ഇങ്ങനെയൊക്കെ പിശാച് നമ്മെ പരീക്ഷിച്ചാലും നാം അതിനു സമ്മതിച്ചെങ്കിൽ മാത്രമേ പാപമാകു. മനസ്സുണ്ടെങ്കിൽ നമുക്കു അവനെ ദാസനാക്കി വിജയം നേടാം. പരീക്ഷകൾ നിസ്സാരങ്ങളാണെങ്കിൽ അവയെ തിരസ്കരിച്ചു അവകൾ വിപരീതങ്ങളായ പുണ്യങ്ങളെ പരിശീലിക്കയാണ് വേണ്ടതു്. ഗുരുതരങ്ങളെങ്കിൽ ഒന്നാമതായി നാം പ്രാൎത്ഥിക്കയാണ് വേണ്ടതു്. "നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിപ്പാനായി സൂക്ഷിക്കയും പ്രാൎത്ഥിക്കയും ചെയ്വിൻ." നമ്മുടെ ശത്രുക്കളിൽനിന്നും അകന്നു രക്ഷ പ്രാപിക്കാനുള്ള രക്ഷയുടെ മരം പ്രാൎത്ഥനയാണ്. രണ്ടാമതായി നമുക്ക് ദൈവത്തിൽ വിശ്വാസം ഉണ്ടായിരിക്കണം. പരീക്ഷയിൽ ദൈവസങ്കേതം പ്രാപിച്ച് നാം ആശ്വാസം പ്രാപി

ക്കണം. വിശ്വാസത്തിൽ സ്ഥിരതയുള്ളവർ അവനെ ജയിക്കുമെന്നതു നിശ്ചയമാണ്. മൂന്നാമതായി നാം എളിമയഭ്യസിക്കണം. പിശാചിനോടുള്ള യുദ്ധത്തിൽ വലത്തുകൈയിൽ അപേക്ഷയും ഇടത്തുകൈയിൽ എളിമയുമുണ്ടെങ്കിൽ നാം വിജയികളാകും. നാലാമതായി നാം ആരംഭത്തിലെ തന്നെ പിശാചിന്റെ പരീക്ഷയെ തടുക്കണം. എന്തുകൊണ്ടെന്നാൽ പിശാചിന്റെ ആദ്യത്തെ പ്രോത്സാഹനങ്ങൾ വളരെ ലഘുവായവയാണ്. അതിനാൽ വേഗം നീക്കിക്കളയാം. അല്ലാത്തപക്ഷം അവ ശക്തിപ്രാപിച്ചു നമ്മെ നശിപ്പിക്കും. അഞ്ചാമതായി വി. ഫ്രാൻസീസ് ദെസാലസു പറയുന്നതുപോലെ നമ്മുടെ ഹൃദയത്തെ ആത്മപിതാവിനു തുറന്നുവിവരം പറകയാണ്. ഇതാണ് ഏററവും നല്ല മാർഗ്ഗം. എന്തുകൊണ്ടെന്നാൽ മൌനം വഴിയായിട്ടാണ് ശത്രു നമ്മെ നശിപ്പിക്കുക. ഒരു കന്യകയെ മോഷ്ടിക്കണമെന്നാഗ്രഹിക്കുന്നവൻ ആദ്യമായി അവളോടു പറയുന്നതു ആ സംഗതി അവളുടെ മാതാപിതാക്കന്മാരോടു പറയരുതെന്നാണ്. ഇതിനുനേരെ വിപരീതമാണ് ദൈവതിരുമനസ്സു, കടശി ഓരോ പരീക്ഷകൾ നമുക്കുണ്ടാകുമ്പോൾ അവക്ക് വിപരീതമായ പുണ്യങ്ങളെ ശീലിക്കയാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവ് വിശുദ്ധ ബ്രിജീത്തായിക്കു കാണപ്പെട്ടു പറഞ്ഞതുപോലെ പിശാചു പരീക്ഷകളും തോന്നലുകളും കൊണ്ടു നമ്മുടെ അടുക്കലേക്കു ഓടുന്ന ഒരു വേട്ടപ്പട്ടിയാണ്. കഠിനമായവ വല്ലതും നാം ഇട്ടുകൊടുത്താൽ അതിന്മേൽ കടിച്ചു പല്ലു വേദനപ്പെടുത്തിക്കൊണ്ടു അതു പൊയ്ക്കൊള്ളും. പിശാചിനു വിപരീതവും കഠിനവുമായിട്ടുള്ളതു ദൈവസ്നേഹവും ദൈവപ്രമാണാനുസരണവുമാണ്. ഇവയെ നമ്മിൽ പിശാചു കാണുമ്പോൾ അവന്റെ പരീക്ഷകളായ പല്ലുകൾ പറിഞ്ഞു പോകും.

ഇവകൊണ്ടൊന്നും യാതൊരു ഫലവും കാണുന്നില്ലെങ്കിൽ നാം പരീക്ഷകൾക്കു സമ്മതിക്കാതെ എതിർത്തുനിൽക്കയല്ലാതെ മററൊന്നും ചെയ്വാനില്ല. എന്തെന്നാൽ ഒരു സ്ത്രീ സമ്മതിച്ചാലല്ലാതെ വിവാഹം കഴിക്കപ്പെടാൻ പാടില്ലാത്തതുപോലെ നമ്മുടെ ആത്മാവിന്റെ സമ്മതംകൂടാതെ നമുക്കു പിഴക്കാനും പാടില്ല. പിശാചിനോടുകൂടി തർക്കിക്കാൻ പോകയോ അവനോടു മറുപടി പറകയൊ വേണ്ടാ. പിന്നെയോ, വേഗം നമ്മുടെ കർത്താവിൻ പക്കലേക്കു തിരിഞ്ഞ് തനിക്കു വിശ്വസ്തനായിരിക്കാമെന്നു പ്രതിജ്ഞ ചെയ്തുകൊള്ളുക. അപ്പോൾ പിശാചു നമ്മേ ഉപദ്രവിക്കയില്ല. എന്തെന്നാൽ വി. ആഗസ്തീനോസ് പറയുന്നതുപോലെ, പിശാചു ഒരു പൂട്ടപ്പെട്ട പട്ടിയാണ്. അതിനോടടുത്താലല്ലാതെ അതു നമ്മേ കടിക്കയില്ല.

## പത്തുപ്രമാണങ്ങൾ.

(൧൬-ാം പു. ൧-ാംപക്ഷം തുടർച്ച.)

നമ്മുടെയും അയൽക്കാരുടെയും നന്മ, പത്തുപ്രമാണങ്ങളെ കാക്കുന്നതിനുള്ള ബലമേറിയ ഒരു കാരണമാണ്. എന്നാൽ എല്ലാ കാരണങ്ങളിലും സർവ്വപ്രധാനമായിരിക്കുന്നത് അവയുടെ നിർമ്മാതാവ് ദൈവം ആകുന്നു എന്നുള്ളതുതന്നെ. ഈ വിശിഷ്ട നിയമങ്ങൾക്ക് ഈ ലോകത്തോളംതന്നെ കാലപ്പഴക്കമുണ്ട്. എങ്കിലും മനുഷ്യരുടെ അസന്മാർഗ്ഗജീവിതവും തുടരെയുള്ള അകൃത്യങ്ങളുംകൊണ്ട് അതിന്റെ ശോഭ കുറയുകനിമിത്തം ദൈവം ഈ പ്രമാണങ്ങൾ തന്നെപ്പോലെതന്നെ ശാശ്വതമാണെന്നു കാണിക്കേണ്ടതിനായി കൽപ്പലകകളിന്മേൽ അവയെ രേഖപ്പെടുത്തുന്നതിനു തിരുമനസ്സായി. തന്നിമിത്തം ദൈവം മോശയ്ക്കു പത്തുപ്രമാണങ്ങളെ കല്പിച്ചു നൽകുകയിൽ പണ്ടേതന്നെയുണ്ടായിരുന്ന പ്രമാണങ്ങളെ പുതുപ്പിക്കയും പുനർജ്ജീവിപ്പിക്കയുമല്ലാതെ പുതിയ നിയമങ്ങളെ സൃഷ്ടിക്കയല്ല ചെയ്തിട്ടുള്ളത്.

പത്തുപ്രമാണങ്ങൾ അത്യുന്നത നിയമനിർമ്മാതാവും ലോകത്തിന്റെ അധിപതിയും സകല മനുഷ്യരുടെയും സ്രഷ്ടാവും വിധികർത്താവും, അനന്തവിജ്ഞാന

ത്തോടും, നീതിയോടും തടുക്കുവാൻ കഴിയാത്തവണ്ണം ശക്തിയോടുംകൂടിയ മരണമില്ലാത്ത രാജാവുമായ ആളിന്റെ നിയമം ആയിരിക്കകൊണ്ടു നാം അതുകളെ അനുസരിക്കുവാൻ ബാദ്ധ്യസ്ഥന്മാരാകുന്നു. ഈ പത്തുപ്രമാണങ്ങളെ അടിസ്ഥാനമാക്കി സകലപേരും വിധിക്കപ്പെടുന്നതാകയാൽ ദരിദ്രനും ബാലനും മാത്രമല്ല, ധനവാനും വലിയവനും രാജാവിനും പ്രജാസഞ്ചയത്തിനും അതുകളെ കാക്കേണ്ട ചുമതലയുണ്ടു്. മനുഷ്യന്റെ ഐഹികമഹത്വവും സമാധാനവും ക്ഷേമവും വരുവാനിരിക്കുന്ന ജീവിതത്തിലെ ഭാഗ്യവും എല്ലാം ഈ പത്തുപ്രമാണങ്ങളുടെ ആചരണത്തെ ആശ്രയിച്ചിരിക്കുന്നു. ദൈവം പത്തുപ്രമാണങ്ങളെ രണ്ടു കല്പലകകളിൽ എഴുതിയാണു മോശയ്ക്കു കൊടുത്തതു്. ഒരു പലകയിൽ ആദ്യത്തെ മൂന്നു പ്രമാണങ്ങളും മററതിൽ ശേഷിച്ച ഏഴു പ്രമാണങ്ങളും എഴുതപ്പെട്ടിരുന്നു. ഇങ്ങനെ ദൈവപ്രമാണങ്ങൾ പത്തും രണ്ടായി വിഭജിക്കപ്പെടുന്നു: ദൈവത്തിന്റെ നേൎക്കു നമുക്കുള്ള കടമകളെല്ലാം ഒന്നാമത്തെ പലകയിലും, നമ്മുടെ സമസൃഷ്ടങ്ങളുടെനേൎക്കുള്ള കടമകൾ രണ്ടാമത്തെ പലകയിലും അടങ്ങിയിരിക്കുന്നു. ഈ പ്രമാണങ്ങളെ എല്ലാം അനുസരിക്കുന്നതിനു മനുഷ്യൻ ശക്തനാണോ എന്നാണു് ഇനി ആലോചിക്കുവാനുള്ളതു്. അതുകളെ അനുസരിക്കുക അസാദ്ധ്യമാണെന്നു പറഞ്ഞിരുന്ന ഇടത്തൂട്ടുകാരെ തിരുസഭ ന്യായപൂൎവ്വം ശപിക്കുകയുണ്ടായിട്ടുണ്ടു്. വാസ്തവത്തിൽ അനന്തനീതിമാനും നന്മയുമായ ദൈവത്തിനു നമ്മെ അസാദ്ധ്യമായ കാൎയ്യം ചെയ്യുന്നതിനായി നിർബ്ബന്ധിക്കുവാൻ വഹിയാത്തതാണു്. ഒരു പക്ഷെ ദൈവപ്രമാണങ്ങളുടെ അനുസാരം നമ്മുടെ ശക്തിയിൽ കവിഞ്ഞതായിരുന്നാൽ നമ്മുടെ കടമയെ നിൎവ്വഹിക്കുവാൻ ആവശ്യമായ അനുഗ്രഹത്തെ തരാതിരിക്കയില്ല. എല്ലാക്കാലങ്ങളിലും എല്ലാ ദേശങ്ങളിലും വിവിധ സാഹചൎയ്യങ്ങളിലും ജീവിച്ചിരുന്ന പരിശുദ്ധന്മാരുടെ ദൃഷ്ടാന്തം ഇതിലേക്കു ബലമേറിയ ഒരു ലക്ഷ്യമാണു്. അവൎക്കു സിദ്ധിച്ച ദൈവാനുഗ്രഹം നമുക്കും കിട്ടാതിരിക്കയില്ല. അവൎക്കുണ്ടായിരുന്ന വിശ്വാസവും, അതേശരണവും, അതേകൂദാശകളും അതേസുവിശേഷങ്ങളും നമുക്കുണ്ടു്. മാത്രമല്ല, ആ പുണ്യവാന്മാരുടെ ദൃഷ്ടാന്തത്തിന്റെയും പ്രാൎത്ഥനയുടെയും സഹായം നമുക്കു കൂടുതലായുമുണ്ടു്.

പ്രമാണങ്ങളുടെ അനുസാരം സാദ്ധ്യമാണെന്നു തന്നെയല്ല, അവയെ കാക്കുന്നതിനെക്കാൾ കാക്കാതിരിക്കുന്നതും രക്ഷ പ്രാപിക്കുന്നതിനെക്കാൾ നിത്യശിക്ഷയിൽ ചെന്നു് ഉൾപ്പെടുന്നതും അധികം പ്രയാസമാണെന്നുംകൂടി നാം സമ്മതിച്ചേ മതിയാവൂ. ദുരാശകൾക്കു കീഴ്പ്പെടാതെ ദൈവത്തിനു കീഴ്പ്പെടുന്നതു് എത്രയൊ ബഹുമാനമാണു്! മനോവ്യഥ അനുഭവിക്കാതെ മനസ്സാക്ഷി സമാധാനത്താൽ പരിപൂൎണ്ണമായിരിക്കുന്നതു് എത്രയൊ ആനന്ദകരമാണു്. ഒരു ക്രിസ്ത്യാനി സ്വൎഗ്ഗപ്രാപ്തിക്കായി സഹിക്കുന്ന ബുദ്ധിമുട്ടുകളേക്കാൾ അധികം വിഷമതകൾ അൎത്ഥാഗ്രഹിയും ലോഭിയും ദുഷ്പ്രതികാരബുദ്ധിയും ആയിരിക്കുന്നവർ അനുഭവിക്കുന്നുണ്ടെന്നു നമുക്കു പരിചയംകൊണ്ടറിയാം. ഈ വാസ്തവം ഇപ്പോൾ തെളിവായി കാണുന്നില്ലെങ്കിലും വിധി ദിവസത്തിൽ ദുഷ്ടന്മാർ സ്വയമേ നിരാശയോടുകൂടി അതിനെ സമ്മതിച്ചുകൊണ്ടു് ഈവിധം വിളിച്ചറിയിക്കും: "ഹാ! നാം ഭോഷന്മാർ! ദുഷ്ടതയുടെ പാതയിൽ നാം പരിശ്രമിച്ചു. എത്ര കഷ്ടപ്പാടുകൾ നിറഞ്ഞ വഴികളിൽകൂടി നാം സഞ്ചരിച്ചു. അവസാനമില്ലാത്തതും പ്രതിവിധിയില്ലാത്തതുമായ കഷ്ടതയിൽ ഒടുവിൽ വന്നുപറ്റുന്നതിനായി എത്ര പ്രതിബന്ധങ്ങളും എത്ര വഞ്ചനകളും എത്ര ആക്ഷേപങ്ങളും നാം അനുഭവിച്ചു." പ്രമാണങ്ങളെപ്പററി പൊതുവിൽ ഇത്രയും പറഞ്ഞശേഷം അവയിൽ ഓരോന്നിനേയും താഴെ വിവരിക്കുവാൻ കരുതുന്നു.

"ഏകദൈവത്തെ നീ ആരാധിക്കയും സ്നേഹിക്കയും ചെയ്യണം" എന്നുള്ള ഒന്നാമത്തെ പ്രമാണം ദൈവത്തെ ആരാധിക്കുവാനും, നമ്മുടെ പൂൎണ്ണ ഹൃദയത്തോടുകൂടി ദൈവത്തെ സ്നേഹിക്കുവാനും ദൈവത്തെമാത്രം ആരാധിക്കുവാനും നമ്മോടു കല്പിക്കുന്നു.

ആരാധന എന്നിവിടെ പറയുന്നത് ദൈവത്തിനുമാത്രം അനുയോജ്യവും ഏററം ഉന്നതവുമായ ബഹുമാനത്തെ ഉദ്ദേശിച്ചാണ്. ദൈവം ജീവികളുടെ ജീവനും, സ്രഷ്ടാവും, സ്ഥിതിപാലകനും, സമസ്ത വസ്തുക്കളുടെയും ഏകാധിപതിയുമാണെന്ന് ആരാധന വഴിയായി നാം സമ്മതിക്കുന്നു. ദൈവത്തിൻെറനേക്കു നമുക്കുണ്ടാകേണ്ട സ്നേഹം എന്തിൽ അടങ്ങിയിരിക്കുന്നു എന്നു നമുക്ക് അറിവുള്ളതാണല്ലൊ. വിശ്വാസം, ശരണം, ഉപവി, വേദാചാരം എന്ന നാലു പുണ്യങ്ങളുടെ അഭ്യസനം വഴിയായി അവിടുത്തെ ആരാധിക്കുന്നതിനും സ്നേഹിക്കുന്നതിനും നമുക്കുള്ള കടമകളെ നാം നിർവ്വഹിക്കണമെന്നേ ഇവിടെ പറയേണ്ടതായിട്ടുള്ളു. ദൈവംമാത്രം നിത്യസത്യമാകുന്നു എന്നു വിശ്വാസംകൊണ്ടും, അവിടുന്നു മാത്രം സർവ്വനന്മയുമാകുന്നു എന്നു ശരണംകൊണ്ടും, അവിടുന്നു സ്നേഹംതന്നെയാകുന്നു— സകല പരിപൂർണ്ണതകളുടെയും നിധിയാകുന്നു— എന്ന് ഉപവികൊണ്ടും നാം സമ്മതിക്കുന്നു. എന്നാൽ ദൈവം സത്യവും, നന്മയും, ഉപവിയും, ചുരുക്കിപ്പറഞ്ഞാൽ അളവററ പരിപൂർണ്ണതയുമായിരിക്കുന്നതിനാൽ അവിടുന്ന് ജീവികളുടെ ജീവനും, സ്രഷ്ടാവും, ഭരണാധികാരിയും, മനുഷ്യനും മാലാഖാമാരും ഉൾപ്പെട്ട സർവ്വത്തിൻെറയും ഏകാധിപതിയും ആകുന്നു എന്നു സിദ്ധിക്കുന്നു. ആകയാൽ ദാസനു യജമാനൻെറയും പ്രജയ്ക്കു രാജാവിൻെറയും പടയാളിക്കു സേനാനായകൻെറയും പുത്രനു പിതാവിൻെറയും നേർക്ക് ആചാരബഹുമാനങ്ങൾ ഉണ്ടായിരിക്കേണ്ട കണക്കേ, മനുഷ്യൻ ദൈവത്തിൻെറ നേർക്ക് ബഹുമാനാചാരാദികൾ പ്രദർശിപ്പിക്കുവാൻ ചുമതലയുള്ളവനാകുന്നു. മാത്രമല്ല, മേലുള്ളവരുടെ ഉന്നതിയും അധികാരവൈപുല്യവും അനുസരിച്ച് അവരുടെ പേരിൽ കീഴുള്ളവർക്ക് ആചാരബഹുമാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കയാൽ മനുഷ്യൻ ദൈവത്തിന് ഏററം അധികമായ ആചാരവണക്കങ്ങൾ— അഥവാ കത്തോലിക്കാ വേദാന്തം പറയുന്നതുപോലെ ഉത്തമാചാരം അല്ലെങ്കിൽ ആരാധന— ചെയ്യേണ്ടിയിരിക്കുന്നു. വേദാചാരം വഴിയായിട്ടാണു നാം ദൈവത്തിന് ഈ ആരാധന ചെയ്യുന്നത്.

തന്നിമിത്തം വേദാചാരം നീതിയുടെ സാരാംശവും സന്മാർഗ്ഗപുണ്യങ്ങളിൽ പ്രഥമവുമാകുന്നു. അതിൻെറ പ്രവൃത്തികൾ ബാഹ്യങ്ങളും അഭ്യന്തരങ്ങളും ഇങ്ങനെ രണ്ടായി വിഭജിക്കപ്പെടുന്നു. അഭ്യന്തരപ്രവൃത്തികളിൽ പ്രധാനങ്ങൾ ഭക്തിയും പ്രാർത്ഥനയും തന്നെ. ദൈവസേവയെ സംബന്ധിച്ച ഏതു കാര്യങ്ങളും സന്തോഷത്തോടും ഉത്സാഹത്തോടും കൂടി ചെയ്യുന്നതിനായി താനെതന്നെ അവിടേക്കു സമർപ്പിക്കുന്ന മനസ്സിൻെറ പ്രവൃത്തിയാകുന്നു ഭക്തി. ദൈവത്തിൻെറ ഉന്നതാധികാരത്തിന് ഇതിൽപ്പരമായ ഒരു ബഹുമാനം മറെറാന്നില്ല. മനുഷ്യന് ഇത് അത്യന്തം ഉപകാരപ്രദവുമാകുന്നു. അനന്തപരിപൂർണ്ണതയോടുകൂടിയ ദൈവതിരുമനസ്സിനു കീഴ്പ്പെടുന്നതുകൊണ്ടു മനുഷ്യമനസ്സ് പൂർണ്ണതയെ പ്രാപിക്കുന്നു. വേദാചാരത്തിൻെറ അഭ്യന്തരപ്രവൃത്തികളിൽ രണ്ടാമത്തേതായ പ്രാർത്ഥനമൂലം മനുഷ്യൻ സ്വയമേ ദരിദ്രനാണെന്നും സർവ്വ നന്മകളുടെയും കാരണകർത്താവ് ദൈവമാണെന്നും സമ്മതിക്കുന്നു: ഇത് വണക്കത്തിൻെറ ഏററം ഉന്നതമായ ഒരു പ്രവൃത്തിതന്നെ. പ്രാർത്ഥിക്കണമെന്നു ദൈവം ആവശ്യപ്പെടുന്നത് അവിടുത്തെപ്പേരിൽ ബഹുമാനവും കൃതജ്ഞതയും പ്രദർശിപ്പിക്കുവാൻ വേണ്ടി മാത്രമല്ല, സ്വർഗ്ഗസ്ഥനായ പിതാവിൻെറപേരിൽ പുത്രനുണ്ടാകേണ്ട മനോവിശ്വാസം, ആശ്രയം എന്നിവയുടെ ശരിയായ ബന്ധത്തിൽ മനുഷ്യനെ സ്ഥാപിച്ചു തൻമൂലം അവനെ പൂർണ്ണനാക്കേണ്ടതിനുകൂടിയാണ്.

വേദാചാരമെന്ന പുണ്യത്തിൻെറ ബാഹ്യകൃത്യങ്ങൾ ആരാധന; പൂജ, കാണിക്ക, വ്രതം എന്നിങ്ങനെ നാലാകുന്നു. ദൈവത്തിനു നമ്മുടെ മേലുള്ള പരമാധികാരത്തെ സമ്മതിക്കുന്നതിൻെറ ലക്ഷ്യമായി നാം വെളിയിൽ കാണിക്കുന്ന സകല അടയാളങ്ങളും ഈ സമ്മതംമൂലം നമ്മുടെ മനസ്സിൽ ജനിക്കുന്ന സകല വികാരങ്ങളും ആരാധനയിൽ ഉൾപ്പെട്ടിരിക്കുന്നു. സാഷ്ടാംഗനമസ്കാരം, മുട്ടുകുത്തൽ എന്നിവയും, ദൈവത്തെ ഉ

ദ്ദേശിച്ചു നാം ചെയ്യുന്ന വണക്കത്തിൻെറയും വഴക്കത്തിൻെറയും നാനാതരത്തിലുള്ള മററു അടയാളങ്ങളും ഈശേഖരത്തിൽപെട്ടവയാണ്. മനുഷ്യസ്വഭാവത്തിനു സഹജമായിട്ടുള്ളതാണ് ആരാധന. ഏതെങ്കിലും ഒരു വാസ്തവത്തെപ്പററി ശരിയായ ബോധം ആത്മാവിൽ ജനിക്കുമ്പോൾ അതിൻെറ വികാരങ്ങളെ വെളിയിൽ പ്രദർശിപ്പിക്കാതിരിക്കുക അസാദ്ധ്യംതന്നെ. ഈവിധ ആരാധന ആവശ്യവുമാണ്. മനുഷ്യൻ ആത്മശരീരങ്ങളെക്കൊണ്ടു സഞ്ചയിക്കപ്പെട്ട ഒരു സൃഷ്ടിയാകകൊണ്ട് അവ രണ്ടുകൊണ്ടും ദൈവത്തെ ആരാധിക്കേണ്ടിയിരിക്കുന്നു. എല്ലാക്കാലങ്ങളിലും സർവ്വജനങ്ങളും ദൈവാരാധന നടത്തിയിരുന്നതിൻെറ കാരണം ഇതാണ്. ആഭ്യന്തരമായ ആരാധനയുടെ പ്രതിഛായകളായ ബാഹ്യാചാരപ്രവൃത്തികൾമൂലമല്ലാതെ ശരീരത്തിനു ദൈവാരാധന നിർവ്വഹിക്കുക സാദ്ധ്യമല്ല. ഇങ്ങനെ ബാഹ്യാചാരപ്രവൃത്തികൾ ആഭ്യന്തര ക്രിയകളുടെ പ്രതിഛായ അല്ലാതിരുന്നെങ്കിൽ അവ വഞ്ചനയും പരിഹാസവും ആകുമായിരുന്നു. ദൈവത്തിനു സൃഷ്ടികളുടെമേലുള്ള പരമാധികാരത്തെ സമ്മതിക്കുന്നതിനായി ഇന്ദ്ര്യഗോചരമായ ഒരു വസ്തുവിനെ ദൈവബഹുമാനത്തെ ഉദ്ദേശിച്ചു നശിപ്പിച്ചുകൊണ്ടോ സാരമായ വിധത്തിൽ ഭേദപ്പെടുത്തിക്കൊണ്ടോ അവിടേക്കു സമർപ്പിക്കുന്നതാകുന്നു പൂജ. ഇതു ബാഹ്യാരാധനയുടെ പ്രവൃത്തികളിൽ സാരമായതും സ്വഭാവപ്രമാണത്തിൽ നിന്നുതന്നെ ഉത്ഭവിച്ചിട്ടുള്ളതുമാണ്. യഥാർത്ഥത്തിൽ മനുഷ്യൻ ദൈവത്തേയും തന്നെത്തന്നെയും അറിഞ്ഞ ക്ഷണം മുതൽക്കേ മനുഷ്യായുസ്സിന്മേലും മരണത്തിന്മേലും സൃഷ്ടമായ മററു സമസ്തവസ്തുക്കളിന്മേലും ദൈവത്തിനുള്ള പരമാധികാരത്തെ ബാഹ്യമായ ഒരു ലക്ഷ്യംകൊണ്ടു സമ്മതിക്കുവാനുള്ള കടമ അവനു വന്നുകൂടി. ലോകാരംഭം മുതൽ എല്ലാ രാജ്യങ്ങളിലും സകലജനങ്ങളുടേയും ഇടയിലും പൂജ ചെയ്യപ്പെട്ടുവരുന്നതിൻെറ കാരണം ഇതാണ്. പൂജ ദൈവത്തിനുമാത്രം ചെയ്യപ്പെടാവുന്ന ആരാധനയുടെ ഒരു പ്രവൃത്തിയാണെന്നുള്ളതു നിസ്സംശയമാണല്ലൊ. ദൈവാരാധനയ്ക്കും ദേവാലയങ്ങളുടേയും ബലിപീഠങ്ങളുടേയും അലങ്കരണത്തിനും വേദാചാര്യന്മാരുടെ ഉപജീവനത്തിനും ഉപയോഗിക്കേണ്ടതിനായി ദൈവത്തിനു സമർപ്പിക്കുന്നവയാകുന്നു കാണിക്ക എന്നു പറയുന്നത്. ദൈവത്തിൻെറ ഔദാര്യത്തിൽനിന്നു ലബ്ധമായ വസ്തുക്കളുടെ ഒരു അംശം ദൈവസ്തുതിക്കായി മനുഷ്യൻ പ്രതിഷ്ഠിക്കണമെന്നുള്ളത് പൂജപോലെതന്നെ, സ്വഭാവപ്രമാണത്തിൽ നിന്നുത്ഭവിച്ചിട്ടുള്ളതാണ്. ഭൂമിയുടെ ആദ്യഫലങ്ങളുടെ കാണിക്കയെ ദൈവം പഴയനിയമകാലത്തു ആവശ്യപ്പെട്ടു. പുതിയനിയമത്തിൽ തിരുസഭയും ചില കാണിക്കകളെ ആവശ്യപ്പെടുന്നുണ്ട്. ദൈവസ്തുതിയെ ഉദ്ദേശിച്ചു ചെയ്തിരിക്കുന്നതായി നാം കാണുന്ന പല സ്ഥാപനങ്ങളും അവയിലെ അലങ്കാരങ്ങളും, വിശുദ്ധ പാത്രങ്ങളും, ആ സ്ഥാപനങ്ങളുടെ നാനാതര സമ്പാദ്യങ്ങളും പൂർവ്വക്രിസ്ത്യാനികൾ തിരുസഭയുടെ ആഗ്രഹത്തെ ഏതുവിധം നിവർത്തിച്ചു എന്നു നമുക്കു പ്രത്യക്ഷമാകുന്നുണ്ട്. മനുഷ്യൻ തന്നെത്തന്നെയോ തൻെറ വസ്തുക്കളേയോ ദൈവാരാധനയ്ക്കായി പ്രതിഷ്ഠിക്കുന്നതിൽ വ്രതം അടങ്ങിയിരിക്കുന്നു. ഇതു പഴയനിയമത്തിലും പുതിയനിയമത്തിലും അംഗീകരിക്കപ്പെട്ടതും എല്ലാ ജനങ്ങളുടെ ഇടയിലും അനുസരിച്ചുവരുന്നതുമായ വേദാചാരത്തിൻെറ ഒരു പ്രവൃത്തിയാകുന്നു. ഇതേപ്പററി പിറകെ പ്രസ്താവിച്ചുകൊള്ളാം. (തുടരും)

[illegible]

---

## വിശുദ്ധ ബത്ത്ലൂമ്മെയുടെ അന്നയെന്ന ധന്യയുടെ ജീവചരിത്രം.

ഈ സുകൃതിനിയെ ധന്യയെന്നു നാമകരണംചെയ്ത അവസരത്തിൽ പ. പിതാവ് കല്പിച്ചരുളിയ പ്രസ്താവന.

(തുടർച്ച)

പ്രസ്തുത ഉദ്ദേശ്യം സാധിക്കുന്നതിനു

കർമ്മലീത്താ സഭയുടെ സ്വഭാവം എന്താണെന്നു ചിന്തിച്ചാൽ ധാരാളം മതിയായിരിക്കും. അതിൽ മുഖ്യമായി വിളങ്ങുന്ന വിശേഷത പ്രാർത്ഥനയിൽ ഉള്ള തല്പരതയല്ലാതെ വേറൊന്നുമല്ല. ഈ വിശിഷ്ടാഭ്യാസം നിമിത്തമാണു വിശുദ്ധ ത്രേസ്യാ കർമ്മല സഭയിലെ സ്രാഫ് എന്ന ശ്രേഷ്ഠനാമധേയത്തിന് അർഹയായി ഭവിച്ചതു്. ഈ പുണ്യവതി അനേകം സന്യാസാശ്രമങ്ങളെ സ്ഥാപിച്ചതിൽ നേരിട്ട നാനാവിധ ബുദ്ധിമുട്ടുകളുടേയും വിഷമതകളുടേയും മദ്ധ്യേ ധൈര്യം ലഭിച്ചതും ഈ സുകൃതാഭ്യാസംകൊണ്ടാണ്. ഇതിനാൽ തൻെറ ആദ്ധ്യാത്മികപുത്രരും പ്രാർത്ഥനാരൂപിയെ തന്നെ തങ്ങളുടെ എല്ലാ കാര്യങ്ങളിലും ഒരു മാർഗ്ഗദർശിയെപ്പോലെ ഉപയോഗിച്ചുകൊള്ളേണമെന്നാണ് ഈ വിശുദ്ധ മാതാവു് പഠിപ്പിച്ചിരിക്കുന്നതു്. ഇപ്രകാരം അമ്മത്രേസ്യായുടെകൂടെ പതിന്നാലു വർഷത്തോളം ഒരിക്കലും വേർപിരിയാതെ സഹവസിക്കയും അവരുടെ അത്യന്തം ആത്മാർത്ഥമായുള്ള രഹസ്യങ്ങളെക്കൂടി അറിയുകയും ഒടുവിൽ അവരെ തൻെറ കരങ്ങളിൽ കിടത്തി മരിപ്പിക്കുന്നതിനു ഭാഗ്യംസിദ്ധിക്കയും ചെയ്ത വിശുദ്ധ ബർത്തലൂമ്മെയുടെ അന്ന ഈ സ്രാപ്പിക്കുടത്ത മാതാവിൽനിന്നു നേരിട്ടുതന്നെ ഈ സുകൃതാഭ്യാസം ഉത്തമമാംവണ്ണം പഠിച്ചിരുന്ന ഒരു കന്യകയായിരുന്നു. എന്നാൽ ഈ സുകൃതിനി കർമ്മലീത്താ സഭയുടെ സാക്ഷാൽ ജീവിതമുറ ഈ വിശുദ്ധ അമ്മയിൽനിന്ന് എത്ര പൂർണ്ണമായും അഗാധമായും ഗ്രഹിച്ചിരുന്നു എന്നുള്ളതു് ത്രേസ്യാ പുണ്യവതിയുടെ മരണാനന്തരം കാലതാമസംകൂടാതെ ആദ്യം സ്പെയിനിലും പിന്നീടു ഫ്രാൻസിലും ബെൽജിയത്തിലും നമ്മുടെ കഥാനായികയുടെനേർക്ക് ആഹ്ളാദപൂർവ്വം പ്രദർശിപ്പിക്കപ്പെട്ട സ്നേഹാദരവുകളിൽനിന്നു നല്ലവണ്ണം തെളിയുന്നുണ്ട്. "വിശുദ്ധ അമ്മത്രേസ്യാ തുണ സഹോദരിയായിരുന്ന അന്നയെ കന്യാപദവിയിലേക്ക് ഉയർത്തുന്നതിനു താല്പര്യപ്പെട്ടാറെ, വിനീതയായ ഈ പുണ്യവതി ആദ്യം മഹാ മധുരമായ വിനയത്തോടുകൂടി വിസമ്മതിക്കയാണു ചെയ്തതു്. എങ്കിലും പിന്നീടു പുതുകന്യകമാരുടെ ഗുരുവിയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ തൻെറ വിസമ്മതത്തെ പിൻവലിക്കാതെ നിവൃത്തിയില്ലെന്നായി. തൻെറ പുണ്യമാതാവിൻെറ പുണ്യാരൂപി സംപൂജ്യയായ അന്നയിൽ ഉചിതമായി പ്രത്യക്ഷപ്പെട്ടിരുന്നു. ഇന്നേദിവസം വിശുദ്ധ ബർത്തലൂമ്മെയുടെ അന്ന വഴിയായി ചെയ്യപ്പെട്ട രണ്ടത്ഭുതങ്ങളെ പരിശോധിച്ച് അംഗീകരിച്ചിരിക്കയാൽ വിശുദ്ധ ത്രേസ്യായുടെ ഈ യോഗ്യപുത്രി തൻെറ പരിശുദ്ധ അമ്മയിൽനിന്നു ധാരാളമായി പ്രാപിച്ച പ്രാർത്ഥനാരൂപിയെ അനുകരിക്കണമെന്നു ദൈവം ലോകത്തെ ഒന്നുകൂടെ ഓർമ്മപ്പെടുത്തുന്നതായി നാം വിചാരിക്കേണ്ടതല്ലയൊ?

എന്നാൽ ഇപ്രകാരമുള്ള ഒരു ഓർമ്മപ്പെടുത്തൽ നമ്മുടെ ഈ കാലഘട്ടത്തിൽ എത്രമാത്രം സന്ദർഭോചിതവും സാക്ഷാൽ ആവശ്യവുമാണെന്നുള്ളതു് ആരാണു ഗ്രഹിക്കാത്തതു്? ഇപ്പോഴത്തെ നടപടിയും ലോകത്തെ മലിനപ്പെടുത്തുന്ന ദുർമ്മാതൃകകളും തങ്ങൾ ശ്വസിക്കുന്ന വായുമണ്ഡലംകൂടെയും ഈ കാലത്തിലെ മനുഷ്യരെ ഭൂമിയിലേക്കു ശക്തിമത്തായി വലിക്കുന്ന കൂട്ടങ്ങളായിട്ടാണു തീർന്നിരിക്കുന്നതു്. അതുകൊണ്ടു് ഈ നിർഭാഗ്യരെ ശുദ്ധവായു ഉള്ള ഉന്നതസ്വർഗ്ഗത്തിലേക്കു ഉയർത്തുക സാക്ഷാൽ അനുകമ്പയുടെ ഒരു പ്രവൃത്തിയാകുന്നു. നമ്മുടെ കഥാനായികയുടെ മാദ്ധ്യസ്ഥംമൂലം സംഭവിച്ചതായി ഇന്നു സ്ഥിരീകരിക്കപ്പെട്ടിരിക്കുന്ന രണ്ടു് അത്ഭുതങ്ങൾ വഴിയായി സർവ്വേശ്വരൻ പ്രദർശിപ്പിച്ചിരിക്കുന്ന അനുകമ്പയെ കണ്ടു നാം എത്രയൊ സന്തോഷിക്കേണ്ടിയിരിക്കുന്നു: ദൈവം ഈ പൂജ്യകന്യക വഴിയായി അസാദ്ധ്യമെന്നു വിധിക്കപ്പെട്ടിരുന്ന രണ്ടു മഹാരോഗങ്ങളെ പെട്ടെന്ന് പരിപൂർണ്ണമായി സുഖപ്പെടുത്തിയ വിവരം കർമ്മലീത്താസഭയുടെ നാളാഗമത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ വൃത്താന്തം നമ്മിൽ പ്രാർത്ഥനാതല്പരതയെ പുനർജ്ജീവിപ്പിക്കയും അതിലേക്കു നമ്മെ പ്രേരിപ്പിക്കയും ചെയ്യേണ്ടതാണ്.

ഒരുപക്ഷെ ഈ വിചാരം സന്യാസികൾക്കും കന്യകകൾക്കും മാത്രം യോജിക്കുന്ന ഒന്നാണെന്നും ഭൂരിപക്ഷം അ

ളുകൾക്കും പ്രത്യേകം ലോകബഹളത്തി
ലും കച്ചവടം വ്യവസായം മുതലായവ
കളിലും ഏർപ്പെട്ടിരിക്കുന്നവർക്കും ഇതിന്റെ
പ്രയോജനം ഗ്രഹിപ്പാൻ പ്രയാസമാണെ
ന്നും പറയുന്നവർ ഉണ്ടാകാം. എന്നാൽ
ഇന്നു തിരുസഭ അംഗീകരിച്ചുറപ്പിച്ചിരി
ക്കുന്ന രണ്ടു അത്ഭുതങ്ങളിൽ ഒന്നു്, ഒരു
സന്യാസാശ്രമത്തിലും മറെറാന്നു ഒരു രാ
ജമന്ദിരത്തിലും,— ഒന്നു് ഒരു സന്യാസ
വൈദികനിലും മറെറാന്നു ഫ്രാൻസിലെ
രാജ്ഞിയിലും— ആണല്ലോ സംഭവിച്ചതു്!
രാജ്ഞിയുടെ ജീവൻകൂടെയും ഈ അത്ഭു
തം മൂലമാണു് രക്ഷപെട്ടതു്. ദൈവം
യാതൊന്നും അകാരണമായി ചെയ്യുകയി
ല്ല. സ്വർണ്ണമയമായ ഒരു രാജമന്ദിരത്തി
ൽകൂടെയും സംപൂജ്യയായ അന്നായുടെ മാ
ദ്ധ്യസ്ഥപ്രാബല്യം പ്രത്യക്ഷപ്പെടുത്തുവാൻ
അവിടുന്നു തിരുമനസ്സായതിന്റെ ഉദ്ദേ
ശ്യം പ്രാർത്ഥനാതല്പരത സന്യാസാശ്രമ
ങ്ങളിലും കന്യകാമഠങ്ങളിലും മാത്രമല്ല
സാക്ഷാൽ ഒരു ക്രിസ്തീയജീവിതം നയി
ക്കുവാനാഗ്രഹിക്കുന്ന സകലർക്കും എ
ല്ലായ്പോഴും എല്ലാ സ്ഥിതിയിലും ആവ
ശ്യമുള്ളതാണെന്നുള്ള തത്വം എല്ലാവ
ർക്കും പരബോധമാകുന്നതിനു വേണ്ടിയല്ല
യോ?

തന്റെ മഹാ ഗുരുനാഥയുടെ മാതൃ
കയെ അനുഗമിച്ചു് ഈ സുകൃതാഭ്യാസ
ത്തെ സർവ്വോപരി പ്രചരിപ്പിച്ചു് ഈ
പുണ്യവതിയുടെ അപേക്ഷ വഴിയായി
അൻറവേപ്പിലെ ഒരു പാവപ്പെട്ട സന്യാ
സഗൃഹത്തിലും ഗെൻറിലെ രാജകീയ
ആരമനയിലും ദൈവം ചെയ്തരുളിയ
അത്ഭുതങ്ങളെ സ്ഥിരീകരിക്കുന്നതായ ഇ
ന്നത്തെ വിളംബരത്തിൽ പ്രസ്തുത ദൈ
വികപാഠം ഒന്നുകൂടി ആവർത്തിക്കപ്പെട്ടി
രിക്കുന്നു. ആയതുകൊണ്ടു കർമ്മേലസഭ
ഈദിനം കൊണ്ടാടുന്ന സന്തോഷത്തി
ൽ നാം പങ്കുകൊള്ളേണ്ടതു ന്യായമാ
ണു്. വിശുദ്ധ ബത്ത്ലൂമ്മൈയുടെ അ
ന്നായെന്ന പൂജ്യകന്യകയുടെ മാദ്ധ്യസ്ഥം
മൂലം സംഭവിച്ചതായി ഇന്നു അംഗീകരി
ച്ചുറപ്പിച്ചിരിക്കുന്ന അത്ഭുതങ്ങളുടെ പ്ര
സിദ്ധീകരണത്തിൽ സമസ്ത ക്രിസ്തീയ ജ
നതതികൾക്കും ലഭിക്കാവുന്ന പ്രയോജ
നവും വ്യക്തമായിട്ടുള്ളതാണല്ലോ.

വാത്സല്യമക്കളേ! പ്രാർത്ഥനാരുചി
അതായതു് പ്രാർത്ഥനാതല്പരത ആവശ്യ
മാണെന്നു പറയുമ്പോൾ ഇടവിടാതെ
യൊ അഥവാ തുലോം കൂടക്കൂടെയൊ
സ്വരപ്രാർത്ഥന ചെയ്യേണ്ട കടമയുണ്ടെ
ന്നു നിങ്ങളിൽ ആരുംതന്നെ കരുതുകയി
ല്ല നിശ്ചയം. ആത്മാവിനെ ദൈവ
ത്തോടു ഒന്നിപ്പിക്കുന്നതിലാണു് അതു അ
ടങ്ങിയിരിക്കുന്നതെന്നു നിങ്ങൾക്കറിയാമ
ല്ലൊ. എന്നാൽ ഇപ്രകാരം ആത്മാവി
നെ ദൈവത്തോടു ഒന്നിപ്പിക്കുന്നതു് ബോ
ധത്തിലെ ചിന്തകളും ഹൃദയത്തിലെ സ്നേ
ഹവുംകൊണ്ടാണെന്നു പ്രത്യേകം പറ
യേണ്ടതായിട്ടില്ല. എന്നാൽ വ്യർത്ഥമൊ
ന്യായരഹിതമൊ ആയ കാരണങ്ങളാൽ
ഈ സുകൃതാഭ്യാസം തടയപ്പെടാതിരി
പ്പാൻവേണ്ടി, അതിന്റെ ഫലങ്ങളെ
അറിഞ്ഞിരിക്കുന്ന നിങ്ങൾ അതിനെ സ
ർവ്വത്ര പ്രചരിപ്പിച്ചു് എല്ലാവരും അതി
ന്റെ വിലയെ ഗ്രഹിപ്പാൻ തക്കവണ്ണം
ഉത്സാഹിക്കുവിൻ. അതു് നമ്മുടെ പാ
ഠത്തെയൊ ജോലിയേയൊ ഉപേക്ഷിക്ക
ണമെന്നാവശ്യപ്പെടുന്നില്ല. പിന്നെയോ
നമ്മുടെ സമസ്ത പ്രവൃത്തികളേയും ദൈ
വസ്തുതിക്കായി ചെയ്യണമെന്നു മാത്രമെ
അർഹിക്കുന്നുള്ളു എന്നു പറയുവിൻ. പ്രാ
വു് അതിന്റെ ചിറകിലെ വെണ്മ കളാ
യാതിരിക്കുന്നതിനു നിലംതൊടാതെ ഉയ
ൎന്നുപറക്കുവാൻ ആവശ്യമായിരിക്കുന്നതു
പോലെ ക്രിസ്തീയാത്മാവു് അവളുടെ വി
ശുദ്ധിയെ കാക്കേണ്ടതിനു ലോകത്തിലെ
ചീത്ത വായു അടിക്കാത്ത ഒരു ഉയൎന്ന
പ്രദേശത്തിൽ സഞ്ചരിക്കേണ്ടതാവശ്യമാ
ണു്. എന്നാൽ ആത്മാവിന്റെ അന്തൎഭാ
ഗത്തുകൂടെയും പ്രവേശിക്കുന്നതായ ഈ
വിധ വിഷവായുവിനെ തടുക്കുന്നതിനു
പ്രാർത്ഥനയേക്കാൾ ഏററം ഉത്തമമായ മാ
ൎഗ്ഗം മറെറന്താണുള്ളതു്? ഒന്നുമില്ലായെന്നു
പറയുവിൻ.

വാത്സ്യമക്കളെ! ഈ ദൈവികപാ
ഠത്തെ ഗ്രഹിക്കുന്നതിനു് അശേഷം ഒരു
ക്കമില്ലാത്തതായി തോന്നുന്ന ഹൃദയങ്ങളി
ൽകൂടെയും അതിനെ സഫലമായി പ്ര
ചരിപ്പിക്കുന്നതിനു നിങ്ങളുടെ ഉപദേശ
ങ്ങളും ദൃഷ്ടാന്തങ്ങളുംകൊണ്ടു് നിങ്ങൾ
ക്കു സാധിക്കും. എന്നാൽ മുഖ്യമായി വി

ശുദ്ധ ബർത്തലൂമ്മെയുടെ അന്നയെന്ന പുണ്യവതി വഴിയായി വളരെക്കാലം മുന്പു ചെയ്തരുളിയ അത്ഭുതങ്ങളുടെ പ്രസിദ്ധമായ അംഗീകരണം, നമ്മോടുള്ള സ്നേഹാതിരേകത്താൽ നമ്മുടെ ഈ കാലസന്ധിവരെയും നീട്ടിവെപ്പാൻ ദൈവംതിരുമനസ്സായതുകൊണ്ടു അവിടുത്തെഅനുഗ്രഹം വിശേഷവിധിയായി ഉണ്ടാകയും ചെയ്യും ഈ ദൈവാനുഗ്രഹം നമ്മുടെ കഥാനായിക ചേൎന്നിരുന്ന വിശ്രുതമായ കർമ്മലസഭയുടെമേലും അവരുടെ ജന്മഭൂമിയായ സ്പെയിൻരാജ്യത്തും അവർ സ്വദേശമായി സ്വീകരിച്ചിരുന്ന ബെൽജിയമിലും ഈ സുകൃതിനിയെ ധന്യയെന്നു പേരുവിളിക്കുന്നതിലേക്കു ഉദ്യമിച്ചിട്ടുള്ള എല്ലാവരുടെമേലും, പ്രത്യേകം ഈ സംപൂജ്യയുടെ മാതൃക അനുകരിച്ച് അവരുടെ മാദ്ധ്യസ്ഥം അപേക്ഷിക്കുന്ന സമസ്ത ആളുകളുടെമേലും ധാരാളമായി വർഷിക്കുമാറു നാം ഹൃദയപൂർവ്വം ദൈവത്തോടു പ്രാർത്ഥിക്കയും ഇങ്ങനെ നമ്മുടെ ഈ കാലത്തിലെ ക്രിസ്തീയ ജനങ്ങളെല്ലാം യഥാർത്ഥമായ പ്രാർത്ഥനാതല്പരത വഴിയായി ഉത്തമജീവിതം നയിക്കുന്നതിനു ഇടവരുത്തേണമെന്നു യാചിക്കയും ചെയ്യുന്നു.

[illegible]

---

## ഭക്തജീവിതപ്രവേശനം

### അദ്ധ്യായം രണ്ട്.

**ഭക്തി ഉചിതവും ശ്രേഷ്ഠവുമാകുന്നു.**

"വാഗ്ദത്തദേശ"ത്തിലെവായു സാംക്രമികരോഗബീജങ്ങളാൽ ദുഷിതവും തദ്ദേശവാസികൾ നരഭോജികളായ രാക്ഷസന്മാരുമാണെന്ന് ഇസ്രായേൽ ജനത്തെ ഭയപ്പെടുത്തിയതുപോലെ, എന്റെ പ്രിയ ഫിലോത്തയ, ലോകം വിശുദ്ധഭക്തിയെ ദുഷിച്ച് ഭക്തരെ ദുശ്ശീലരും ദുശ്ശാഠ്യക്കാരും വിഷണ്ണരുമായ ഒരുക്കൂട്ടം ആളുകളാക്കിക്കാണിക്കയും അത് കുണ്ഠിതത്തേയും ദുസ്സഹസ്വഭാവത്തേയും ജനിപ്പിക്കുന്നവെന്ന് നടിക്കയും ചെയ്യുന്നു. എന്നാൽ 'വാഗ്ദത്തദേശം' മനോഹരവും അതിനെ പ്രാപിക്കുന്നത് ഉചിതവുമെന്നു ജോഷ്വെയും കാലബും എതിർത്ത് വാദിച്ചു. ഇപ്രകാരം, പരിശുദ്ധാരൂപി വിശുദ്ധന്മാർ വഴിയായും നമ്മുടെ കർത്താവ് തന്റെ തിരുവചനങ്ങളാലും ഭക്തജീവിതം മറ്റെല്ലാവിധ ജീവിതത്തേയുംകാൾ മനോഹരവും ഭാഗ്യകരവും ആനന്ദപ്രദവുമെന്നുറപ്പുതരുന്നുണ്ട്.

ഭക്തർ ഉപവസിക്കുന്നതും പ്രാർത്ഥിക്കുന്നതും ദ്രോഹങ്ങളെ സഹിക്കുന്നതും ദീനക്കാരെ ശുശ്രൂഷിക്കുന്നതും ദരിദ്രർക്ക് ദാനം ചെയ്യുന്നതും ലോകം കാണുന്നു. തങ്ങളെത്തന്നെ അവർ സൂക്ഷിക്കുന്നതും കോപത്തെ അടക്കുന്നതും ആശാപാശങ്ങളെ ഒതുക്കുന്നതും ഇന്ദ്രിയസന്തോഷങ്ങളെ വർജ്ജിക്കുന്നതും സാക്ഷാൽ വ്യസനകരവും കഠിനതരവുമായ പ്രവൃത്തികളെ ചെയ്യുന്നതും ലോകം കാണുന്നു. എന്നാൽ ഈ പ്രവൃത്തികളെയെല്ലാം യോഗ്യവും മധുരവും സുകരവുമാക്കിത്തീർക്കുന്ന, ഉള്ളിനടുത്ത നിഷ്കപടഭക്തിയെ ലോകം കാണുന്നില്ല. തേനീച്ചകളെ നമുക്കു സൂക്ഷിക്കാം. അവ കൈപ്പുനീരുള്ള ചെടിയിൽനിന്നും തേനിനെ വലിച്ചെടുക്കുന്നു. അവയ്ക്ക് ആ ഗുണമുണ്ട്. ഹാ! ലോകമനുഷ്യരെ! ഇന്ദ്രിയദമനം അഭ്യസിക്കുന്നതിൽ ഭക്തർ വളരെ കൈപ്പുകണ്ടെത്തുന്നുവെന്നതു സത്യമാണ്. എന്നാൽ അവയെ ചെയ്യുമ്പോൾ അവർ അതിനെ വളരെ മാധുര്യമുള്ളതാക്കിത്തീർക്കുന്നു. ഭക്തരായിരുന്നതിനാൽ അഗ്നിയും, ജ്വാലയും, ഇരുമ്പുചക്രങ്ങളും വാളുകളുമെല്ലാം രക്തസാക്ഷികൾക്ക് പുഷ്പങ്ങളും പരിമളവുമായി തോന്നി. ഇങ്ങനെ, ഭക്തിക്രൂരതമപീഡകൾക്കും മരണത്തിനുതന്നെയും മാധുര്യത്തെ നൽകുന്നുവെങ്കിൽ പുണ്യപ്രവൃത്തികൾക്കെന്താണതിനു ചെയ്വാൻ വഹിയാത്തതു? പഞ്ചസാര പഴക്കാത്തകായ്കൾക്കു മാധുര്യത്തെ നൽവുകയും പഴത്തവയിലുണ്ടായേക്കാവുന്ന അപാകതയേയും ദുഷ്യത്തേയും നീക്കുകയും ചെയ്യുന്നു. ഭക്തിയാവട്ടെ, ആത്മദമനത്തിന്റെ കൈകപ്പിനെ അതിന്റെ സാന്ത്വനങ്ങളാകുന്ന മാധുര്യത്താൽ മാറ്റുന്ന സാക്ഷാത്തായ ആദ്ധ്യാത്മിക പഞ്ചസാരയാ

കുന്നു. അതു പാപപ്പെട്ടവരിൽനിന്ന്
അതൃപ്തിയേയും ധനവാന്മാരിൽനിന്നും
അത്യാഗ്രഹത്തേയും പീഡിതരിൽനിന്നും
വ്യസനത്തേയും ഉയൎത്തപ്പെട്ടവരിൽനി
ന്ന് അധികാരത്തേയും ഏകാകിയിൽനി
ന്നു മനഃകുണ്ഠിതത്തേയും കൂട്ടമായി വസി
ക്കുന്നവരിൽ നിന്ന് അനൈക്യത്തേയും
അകററുന്നു. അതു് വൎഷകാലത്തിലെ തീ
യുടേയും വേനല്ക്കാലത്തിലെ മഞ്ഞിൻെറ
യും ഗുണത്തെ കാട്ടുന്നു. ഐശ്വൎയ്യത്തെ
ഉപയോഗിക്കുന്നതിക്കു ന്നതിനു എപ്രകാര
മോ അപ്രകാരം അതിനു ക്ഷാമത്തെ സ
ഹിക്കുന്നതിനും ബഹുമാനത്തേയും അപ
മാനത്തേയും ഒരുപോലെ ഉപകാരപ്ര
ദമാക്കിത്തീൎക്കുന്നതിനും അറിയാം. ചുരു
ക്കത്തിൽ, അതു് സന്തോഷത്തേയും സ
ന്താപത്തേയും ശാന്തതയോടെ കൈ
ക്കൊണ്ടു് ആത്മാവിനെ അത്ഭുതകരമാധു
ൎയ്യത്താൽ പരിപൂൎണ്ണമാക്കിച്ചെയ്യുന്നു.

യാക്കോബിൻെറ ഗോവിണിയെപ്പ
ററി നീ ധ്യാനിച്ചാൽ അതിൽ ഭക്ത ജീ
വിതത്തിൻെറ ഒരു വാസ്തവ പ്രതിമ കാ
ണും. കയറുന്ന ഭാഗത്തിനിരുവശവുമു
ള്ള രണ്ടു സമാന്തരഭാഗങ്ങളും അവയി
ന്മേൽ ഉറപ്പിക്കപ്പെട്ടിരിക്കുന്ന പടികളും
ദൈവസ്നേഹത്തെ ലഭിക്കുന്ന പ്രാൎത്ഥന
യേയും അതിനെ നൽകുന്ന ക്രൂദാശകളേ
യും സൂചിപ്പിക്കുന്നു. നമ്മുടെ അയല്ക്കാ
രനെ പ്രവൃത്തിയാൽ സഹായിക്കുന്നതി
നിറങ്ങുകയൊ ദൈവത്തോടുള്ള സ്നേ
ഹൈക്യത്തിനായി ധ്യാനത്താൽ കയറു
കയോ ചെയ്യു്, പുണ്യത്തിൽ അഭിവൃ
ദ്ധിപ്രാപിക്കുന്ന സ്നേഹത്തിൻെറ ഓരൊ
പദവികളാണ് ആ പടികൾ. ഈ ഗോ
വിണിയിന്മേൽ നില്ക്കുന്നവരാരെന്നു നോ
ക്കുക. അവർ ഒന്നുകിൽ മാലാകാമാൎക്കു
ട്ടത്ത ഹൃദയമുള്ളവരൊ അല്ലെങ്കിൽ മ
നുഷ്യശരീരമുള്ള മാലാകാമാരൊ ആണ്.
ചെറുപ്പക്കാരായി തോന്നുന്നെങ്കിലും അവ
ർ ചെറുപ്പക്കാരല്ല. അവരിൽ ആത്മീയ
ചൈതന്യവും ചൊടിയും തികഞ്ഞിരിക്കു
ന്നു. ദൈവത്തിലേക്കു പ്രാൎത്ഥനയാൽ
പറന്നു കയറുന്ന ചിറകുകളവൎക്കുണ്ടു്. എ
ങ്കിലും ശുദ്ധവും ഗുണോല്ക്കൎഷവുമായ
സംഭാഷണത്താൽ മനുഷ്യരോടൊന്നി
ച്ചു നടക്കുന്ന അവൎക്കു് കാലുകളുമുണ്ടു്. എ
ല്ലാകാൎയ്യങ്ങളും തൃപ്തിയോടും മാധുൎയ്യത്തോ
ടും കൈക്കൊള്ളുന്നതിനാൽ അവരുടെ
മുഖം മനോജ്ഞവും പ്രസന്നവുമായിരിക്കു
ന്നു. സകല വിചാരങ്ങളിലും സ്നേഹ
ത്തിലും പ്രവൃത്തിയിലും ദൈവത്തെ പ്ര
സാദിപ്പിക്കയെന്നല്ലാതെ അവൎക്ക് വേ
റൊരു ഉദ്ദേശ്യമൊ അല്ലെങ്കിൽ നിയോ
ഗമൊ ഇല്ലാത്തതിനാൽ അവരുടെ കാ
ലും കൈയും തലയും നഗ്നമായിരിക്കു
ന്നു. അവർ ലോകത്തേയും ലോകവസ്തു
ക്കളേയും ഉപയോഗിക്കുന്നെങ്കിലും, സ്ഥി
തിക്കാവശ്യമുള്ളതിലധികമെടുക്കാതെ അ
വയെ ഏററം ശുദ്ധവും മിതവുമായവിധ
ത്തിൽ വിനിയോഗിക്കുന്നുവെന്ന് കാണി
പ്പാനായി, അവരുടെ ശേഷം ശരീരത്തി
ന് ശുഭ്രവും ലഘുവുമായ വസ്ത്രമല്ലാതെ
മററു യാതൊന്നുമില്ല. ഇപ്രകാരമാണ്
ഭക്തരും. പ്രിയ ഫിലോത്തയ എന്നെ വി
ശ്വസിച്ചാലും. ഭക്തി, സന്തോഷങ്ങളു
ടെ സത്തും സുകൃതങ്ങളുടെ രാജ്ഞിയും
സ്നേഹത്തിൻെറ പൂൎണ്ണതയുമാണ്. സ്നേ
ഹം പാലെങ്കിൽ ഭക്തി പാല്പാടയാണ്.
സ്നേഹം ഒരു ചെടിയെങ്കിൽ ഭക്തി അ
തിൻെറ പുഷ്പമാണ്; സ്നേഹം രത്നമെ
ങ്കിൽ ഭക്തി അതിൻെറ ശോഭയാണ്;
സ്നേഹം ഒരു വിലയേറിയ സുഗന്ധതൈ
ലമെങ്കിൽ ഭക്തി അതിൻെറ വാസനയാ
ണ്; അത്രയുമല്ല, മനുഷ്യരെ ആശ്വസി
പ്പിക്കയും മാലാകാമാരെ സന്തോഷിപ്പിക്ക
യും ചെയ്യുന്ന സുഗന്ധവുമാണ്.

## അദ്ധ്യായം മൂന്ന്.

### ഭക്തി എല്ലാ ജീവിതാന്തസ്സുകൾക്കും യോജിക്കുന്നതാണ്.

സൃഷ്ടിയിൽ, ദൈവം ഓരോ ചെടി
കളോടും അതതിനനുരൂപങ്ങളായ ഫല
ങ്ങളെ പുറപ്പെടുവിക്കുന്നതിനാജ്ഞാപിച്ച
തുപോലെ തൻെറ സഭയുടെ ജീവനുള്ള
ചെടികളായ സകല ക്രിസ്ത്യാനികളോ
ടും അവരവരുടെ ശക്തിക്കും അന്തസ്സി
നും തക്ക ഭക്തിഫലങ്ങളെ ജനിപ്പിക്കുന്ന
തിനു കല്പിക്കുന്നു. അതിനാൽ ഭക്തി,
കുലീനനാലും കച്ചവടക്കാരനാലും ഭൃത്യ
നാലും രാജാവിനാലും വിധവയാലും ക

ന്യകയാലും കുടുംബിനിയാലും വിവിധമായി അഭ്യസിക്കപ്പെടണം; എന്നുമാത്രമല്ല, അതു ഓരോരുത്തരുടേയും ശക്തിക്കും തൊഴിലുകൾക്കും കടമകൾക്കും അനുരൂപപ്പെട്ടുമിരിക്കണം. ആകയാൽ ഫിലോത്തയ ഒരു മെത്രാൻ ഒരു കർത്തൂസിയൻ സന്ന്യാസിയെപ്പോലെ ഏകാന്തവാസം ചെയ്യുന്നതു വിഹിതമാണോ? അല്ലെങ്കിൽ ഒരു കുടുംബത്തലവൻ ഒരു കപ്പൂച്ചിൻ സന്ന്യാസിയെപ്പോലെ ഒന്നും തന്നെ സമ്പാദിച്ചുവെക്കാതിരിക്കുന്നതു ഉചിതമൊ? ഒരു കച്ചവടക്കാരൻ ഒരു സന്ന്യാസിയെപ്പോലെ പകൽ മുഴുവൻ പള്ളിയിൽ കഴിച്ചുകൂട്ടുകയൊ, അല്ലെങ്കിൽ ഒരു സന്ന്യാസി ഒരു മെത്രാനെപ്പോലെ നിജ ജനശുശ്രൂഷയിലെ പ്രയാസങ്ങളിലുൾപ്പെട്ട് എപ്പോഴും ബുദ്ധിമുട്ടുകയൊ ചെയ്യുന്നെങ്കിൽ അപ്രകാരമുള്ള ഭക്തിയും. അപഹാസ്യകരവും മൌഢ്യവും ദുസ്സഹവുമല്ലയോ? എന്നുവരികിലും ഈ ദൂഷ്യം വളരെ സാധാരണയാണ്; തന്നിമിത്തം യഥാൎത്ഥ ഭക്തിയും ഭക്തരെന്നു തന്നെത്താൻ വിചാരിക്കുന്നവരുടെ അവിവേകവും തമ്മിൽ തിരിച്ചറിവാൻ വഹിയാതെ ലോകം ഭക്തിയുടെനേരെ പിറുപിറുക്കുന്നു.

ഫിലോത്തയാ, ഇല്ല, സാക്ഷാൽ ഭക്തി യാതൊരുപദ്രവത്തേയും യാതൊരു തതന്ദ്രവും ചെയ്യുന്നില്ല. അതു എല്ലാവസ്തുക്കൾക്കും പൂൎണ്ണതയെ നൽകുന്നു. നമ്മുടെ ന്യായമായ അന്തസ്സിനു യോജിക്കാത്തപ്പോൾ അതു കപടഭക്തിയാണ് നിശ്ചയം. തേനീച്ച പുഷ്പങ്ങളെ ഉപദ്രവിക്കാതെ അവയിൽനിന്നും തേൻ സംഗ്രഹിച്ചശേഷം അവയെ പൂൎവ്വസ്ഥിതിയിൽ വിടുന്നുവെന്ന് അരിസ്റ്റോട്ടൽ പറയുന്നു. യഥാൎത്ഥഭക്തി ഇതിലും കൂടുതലാണു ചെയ്യുന്നത്. അത് വല്ല അന്തസ്സിനുമോ ജോലിക്കൊ യാതൊരുപദ്രവവും ചെയ്യാതെ അവയെ മനോഹരവും അലംകൃതവുമാക്കിച്ചെയ്യുന്നു. തേനിലിട്ടാൽ രത്നങ്ങൾ പൂൎവ്വാധികം പ്രഭപ്രാപിക്കുന്നതുപോലെ ഒരാളുടെ അന്തസ്സ് ഭക്തിയോടുകൂടി സംഘടിപ്പിക്കപ്പെടുമ്പോൾ കൂടുതൽ യോഗ്യത പ്രാപിക്കുന്നു. ഭക്തിയാൽ, കുടുംബപരിപാലന കൂടുതൽ സമാധാനമായും ഭാൎയ്യാഭൎത്താക്കന്മാരുടെ സ്നേഹം കൂടുതൽ നിഷ്കപടമായും രാജഭക്തി കൂടുതൽ ദൃഢമായും എല്ലാ ജോലികളും പൂൎവ്വാധികം രസകരവും യോഗ്യവുമായും തീരുന്നു.

ഭക്തി, ഒരു യോദ്ധാവിന്റേയൊ വ്യാപാരിയുടേയൊ രാജാവിന്റേയൊ കുടുംബിനിയുടേയൊ ജീവിതത്തിന് യോജ്യമല്ലായെന്നു പറയുന്നത് ഒരു തെറ്റ് അഥവാ ഇടത്തുടാണ്. ഫിലോത്തയാ! കേവലം ധ്യാനനിഷ്ഠയുള്ളതും സന്ന്യാസികൾക്കു ചേൎന്നതും നിയമിതവുമായ ഒരു ഭക്തി ആ ജോലികളിൽ അസാദ്ധ്യമാണെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഈ മൂന്നുതരം ഭക്തിയെ ഒഴിച്ച് അൽമേനികളെ പുണ്യസാംഗോപാംഗത്തിലേക്ക് നയിക്കുന്നതായി മററു പലതുമുണ്ട്. ഈ വാസ്തവത്തെ പഴയ നിയമത്തിലെ അബ്രാഹം, ഇസഹാക്ക്, യാക്കോബു, ദാവീദ്, ജോബ്, തോബിയാസ്, സാറാ, റെബേക്കാ, ജൂദിത്ത് ഇവർ നന്നായി തെളിയിക്കുന്നു. പുതിയ നിയമത്തിൽ വി. യൌസേപ്പും ലിഹിയായും ശ്ലൂ. ക്രിസ്പിനും അവരുടെ തൊഴിൽശാലകളിൽവച്ചും ശ്ലൂ. അന്നായും ശ്ലൂ. മത്തായും ശ്ലൂ. മോനിക്കായും അകിലായും പ്രിസ്കീലായും അവരുടെ കുടുംബങ്ങളിൽ വച്ചും കോർണെലിയൂസും ശ്ലൂ. സെബസ്ത്യാനോസും ശ്ലൂ. മൌറീസും സൈന്യത്തിൽവച്ചും, കോൺസ്റ്റന്റീനും ഹേലെനയും ശ്ലൂ. ലൂവീസും വാഴ്ത്തപ്പെട്ട അമെദേവൂസും ശ്ലൂ. എഡ്‌വാർഡും രാജസിംഹാസനങ്ങളിൽവച്ചും പൂൎണ്ണഭക്തി അഭ്യസിച്ചിരുന്നതായി നാം കാണുന്നു. മാത്രമല്ല, പുണ്യസാംഗോപാംഗ ബാധകമായി കരുതപ്പെടുന്ന ലോകത്തിൽവച്ച് ഭക്തരായിരുന്ന അനേകർ വനവാസംകൊണ്ടു അവരുടെ ഭക്തിയെ നശിപ്പിച്ചുകളഞ്ഞിട്ടുമുണ്ട്. "പട്ടണത്തിൽ താമസിക്കുമ്പോൾ നിൎദ്ദോഷിയായിരുന്ന ലോത്ത് വനത്തിൽ വച്ചു പിഴച്ചു" എന്നു ശ്ലൂ. ഗ്രിഗോരിയോസ് പറയുന്നു. ആയതിനാൽ നാമെവിടെയായിരുന്നാലും ഒരുത്തമ ജീവിതത്തെ ആഗ്രഹിക്കാവുന്നതും ആഗ്രഹിക്കേണ്ടതുമാണ്.



## തിരുഹൃദയഭക്തന്മാർ

൧൯൧൯ കർക്കടകമാസത്തിൽ വെക്കേണ്ട

## പൊതുനിയോഗം.

വേലക്കാരും യജമാനന്മാരും
തമ്മിലുള്ള യോജിപ്പ്.

അധികാരികളെന്നും അധീനന്മാരെന്നും താഴ്ന്നവരെന്നും ഉയൎന്നവരെന്നും ഉള്ള ബോധം ക്ഷയോന്മുഖമായിരിക്കുന്ന ഒരു കാലമാണിത്. തിരുസഭയാൽ ശപിക്കപ്പെട്ടിട്ടുള്ള സ്ഥിതിസമത്വവാദികളുടെ ദുർബോധനയാണ് ഇതിൻെറ മുഖ്യകാരണം. ധനംകൊണ്ടും ശക്തികൊണ്ടും എല്ലാവരും സമന്മാർ എന്നു പഠിപ്പിക്കുന്ന ഇവരുടെ വലയിൽ അകപ്പെട്ടു ലഹളയുണ്ടാക്കുന്നവരുടെ സംഖ്യ ഒട്ടും ചില്ലറയല്ല. ശരിയായി കൂലി കിട്ടുന്നില്ലെന്നു ന്യായമായൊ അന്യായമായൊ വാദിച്ചുകൊണ്ട്, ആയിരവും പതിനായിരവും വേലക്കാർ കൂട്ടംകൂടി പണി മുടക്കുന്നതു് ഇപ്പോൾ അത്ര ദുർല്ലഭമല്ല. ഇതുകൊണ്ട് എത്രയൊ നഷ്ടങ്ങളാണു നേരിടുന്നതു്. "തനിക്കുള്ളതുകൊണ്ടു തൃപ്തനായിരിക്കുന്ന വേലക്കാരൻെറ ജീവിതം മാധുൎയ്യമുള്ളതായിരിക്കും" എന്നാണു വേദപുസ്തകത്തിൽ പറയുന്നതു്. ഇതിനനുസരിച്ചു പ്രവൎത്തിച്ചെങ്കിൽ ലോകത്തിനു എത്ര സമാധാനവും സംതൃപ്തിയും ഉണ്ടാകുമായിരുന്നു. "ദാസന്മാരെ നിങ്ങൾ ജഡപ്രകാരമുള്ള യജമാനന്മാരെ സകലത്തിലും അനുസരിപ്പിൻ" എന്നു പൗലോസു ശ്ലീഹാ പറയുന്നു. ഇങ്ങനെ ചെയ്യുന്നതു് മനുഷ്യരെ പ്രസാദിപ്പിക്കുന്നതിനല്ല, പിന്നെയൊ ദൈവഭയത്തോടുകൂടിയും നിത്യസമാധാനം ലഭിക്കേണ്ടതിനായിട്ടുമാണ് എന്നുകൂടി ശ്ലീഹാ പറയുന്നുണ്ട്. ഇപ്രകാരംതന്നെ യജമാനന്മാരോടും പ്രസ്തുത ശ്ലീഹാ ഉപദേശിക്കുന്നുണ്ട്. "യജമാനന്മാരെ! നിങ്ങൾക്കും ഒരു യജമാനൻ സ്വൎഗ്ഗത്തിൽ ഉണ്ടെന്നു വിചാരിച്ചു വേലക്കാൎക്കു ന്യായവും യോജ്യവുമായതിനെ കൊടുപ്പിൻ". ഈ ഉപദേശമനുസരിച്ചു യജമാനന്മാരും പ്രവൎത്തിക്കേണ്ടിയിരിക്കുന്നു. എങ്കിൽമാത്രമെ ഇരുകൂട്ടരും തമ്മിൽ സമാധാനവും യോജിപ്പും ഉണ്ടാവുകയുള്ളൂ. ആകയാൽ ഇതിനായി തിരുഹൃദയഭക്തർ പ്രത്യേകം പ്രാൎത്ഥിപ്പാറാകണം.

---

## ലോകവൎത്തമാനച്ചുരുക്കം.

യുദ്ധപരിശ്രമം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിലും വടക്കേ അമേരിക്കായിലെ കത്തോലിക്കർ വിദേശങ്ങളിൽ വിശ്വാസപ്രചാരവേല നടത്തുന്നതിനു പണംകൊണ്ടും ആളേക്കൊണ്ടും പ്രസ്താവയോഗ്യമായ സഹായങ്ങൾ ചെയ്തുവരുന്നതായി കാണുന്നു. ൧൯൧൭—ലെ റിപ്പോർട്ടുപ്രകാരം ഐക്യസംസ്ഥാനങ്ങളിൽനിന്നും കാനഡായിൽനിന്നും മേല്പറഞ്ഞ ഉദ്ദേശ്യത്തിന്നായി ആറുകോടി രൂപാ പിരിഞ്ഞിട്ടുണ്ട്. ഈ രണ്ടു രാജ്യങ്ങളിൽനിന്നുംകൂടി മിഷ്യൻവേലക്കു നിയുക്തരായ മിഷ്യനറിമാരുടെ സംഖ്യ ഒമ്പതിനായിരത്തിലധികമാണ്. ഇവിടെയുള്ള കത്തോലിക്കരും, ഇങ്ങനെ ഒന്നും ചെയ്തില്ലെങ്കിലും, വല്ലതുമൊക്കെ വേദപ്രചാരാൎത്ഥം ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

ഈ മഹായുദ്ധത്തിൽ ഇക്കഴിഞ്ഞ നവംബർ അവസാനംവരെ ജൎമ്മനിയിലെ രാജവംശജന്മാരായ ൩൦ പ്രഭുക്കന്മാർ കൊല്ലപ്പെട്ടതായി കാണുന്നു.

മരിയൻ കൊൺഗ്രസ്സ് ഈയാണ്ടിൽ നടക്കുന്നതല്ലെന്നു കാണുന്നു.

ജർമ്മൻകാർ കൃത്രിമ കാപ്പിക്കുരുവും മാംസവും പുകയിലയും ഉണ്ടാക്കി വിററു വരുന്നുപോൽ.

ഓറശ്ലേം പട്ടണം മ്ശിഹായിക്കുമുമ്പു ൧൦൪൮-ാമാണ്ടിൽ ദാവീദു മഹാരാജാവു പിടിച്ചടക്കിയതിൽപ്പിന്നെ ൨൯ പ്രാവശ്യം ഓരോ നേതാക്കൾ പിടിച്ച് കൈവശം വച്ചിട്ടുണ്ടെന്നു ചരിത്രത്തിൽ കാണുന്നു.

ജർമ്മൻകാരുടെ ൭൫ നാഴിക വലിയുന്ന തോക്കിനു പതിനയ്യായിരം പവൻ വിലയുണ്ട്.

പോത്തുഗലിലെ ഗവമ്മേണ്ടു കത്തോലിക്കസഭയോടു വീണ്ടും ആദരവു പ്രദശിപ്പിച്ചുവരുന്നു. മെത്രാന്മാക്കും പട്ടക്കാക്കും മുമ്പുണ്ടായിരുന്ന പല അസ്വാതന്ത്ര്യങ്ങളും ഇപ്പോൾ മാററിയിരിക്കുകയാണ്. ഇപ്പോഴത്തെ പ്രസിഡണ്ടു ഒരു കത്തോലിക്കനാണെന്നാണ് കേൾക്കുന്നത്.

അമേരിക്കായിലെ ഐക്യരാജ്യപ്രതിനിധിയായി ബേർലിൻ പട്ടണത്തിൽ താമസിച്ചിരുന്ന മിസ്റ്റർ ജരാട്ട്, ഒരു പ്രസംഗമദ്ധ്യേ, യുദ്ധം മൂന്നു വഷത്തേക്കുകൂടി ദീഘിക്കുന്നതാണെന്നു പ്രസ്താവിക്കുകയുണ്ടായി.

ഈ മഹായുദ്ധം തുടങ്ങിയതിൽപ്പിന്നെ വത്തിക്കാനിൽ നിന്നും രാജ്യകായ്യസംബന്ധമായും, അല്ലാതെയും ചെയ്തിട്ടുള്ള എല്ലാ സംഗതികളെയും വിവരിക്കുന്ന ഒരു പുസ്തകം പ്രസിദ്ധീകരിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. മാപ്പാപ്പാമാരെപ്പററി പല അകത്തോലിക്കുമുള്ള തെററിദ്ധാരണ നീങ്ങുന്നതിനു ഈ പുസ്തകം വളരെ ഉപകരിക്കുമെന്നതിൽ സംശയമില്ല.

ഈയിടെ ചാറൾസ് ബിന്നൻ എന്നൊരു അമേരിക്കൻ കണ്ടുപിടിച്ചിരിക്കുന്ന തോക്കിൽനിന്നും ഉണ്ടകൾ നൂറുമയിൽ ദൂരെ പായുന്നതാണെന്നു കാണുന്നു. ഈ തോക്കിൻെറ നീളം ൯൫൦ അടിയാണ്. കുഴലിനു ൩൦ ഇഞ്ചു വ്യാസമുണ്ട്. അതിൽനിന്നു പുറപ്പെടുന്ന ഷെല്ലിൻെറ നീളമാകട്ടെ ൨൦ അടിയും തൂക്കം നൂറു ടണ്ണുമാകുന്നു. ഒരു വെടിവയ്ക്കുന്നതിനു പത്തുടൺ വെടിമരുന്നാവശ്യമുണ്ട്. ഏഴു ലക്ഷം ആളുകൾ അധിവസിക്കുന്ന ഒരു പട്ടണത്തെ നശിപ്പിക്കുന്നതിനു ഒരു ഷെൽ മാത്രം മതി.

ഗ്രേററ്ബ്രിട്ടനിലെ കിരീടാവകാശിയായ വെയിൽസിലെ രാജകുമാരൻ വത്തിക്കാനിലുള്ള ബ്രിട്ടീഷ് സ്ഥാനപതിയോടൊന്നിച്ച് ഇക്കഴിഞ്ഞ മേയ്മാസം ൨൭-ാംനു മാപ്പാപ്പാ തിരുമനസ്സിനേയും, അവിടുത്തെ സ്റ്റെയിററുസെക്രട്ടറി ഗസ്പാരി കർദ്ദിനാൾ അവർകളേയും സന്ദശിക്കുകയുണ്ടായി.

ബങ്കാളത്തുള്ള ൧൯ ഇടവകകളിൽനിന്നു ൧൭൩൨ കത്തോലിക്കർ വേലക്കാരുടെ സൈന്യത്തിൽ ചേൻറു ഫ്രാൻസിലേക്കു പോയിട്ടുള്ളതായി കാണുന്നു. ഇവക്കെല്ലാവക്കുംകൂടി ഫ്രാൻസിൽ ൫൨൯൨൩ രൂപാ ശമ്പളംകൊടുത്തുവരുന്നതിനും പുറമെ, ൧൩൦൯൨ രൂപാ ഇവരുടെ കുടുംബങ്ങളിലേക്കും ഗവമ്മേൻറു കൊടുക്കുന്നുണ്ട്.

തടവുകാരായ പട്ടാളക്കാക്കു സുഖസൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിൽ പരിശുദ്ധ പിതാവു പലവഴിക്കും ശ്രമിക്കുന്നുണ്ട്. യുദ്ധം ചെയ്യുന്ന രാജ്യക്കാർ തമ്മിൽ ഈയിടെ തടവുകാരെ സംബന്ധിച്ചു ഒരു പുതിയ ഉടമ്പടിചെയ്യണമെന്നു മാപ്പാപ്പാ തിരുമനസ്സുകൊണ്ടു താല്പയ്യപ്പെടുകയും ഡച്ചുഗവമ്മേണ്ടിൻെറ അനുകൂല്യത്തോടുകൂടി അതു സാധിക്കുകയും ചെയ്തിരിക്കുന്നു. ഈ ഉടമ്പടിപ്രകാരം അനേകായിരം ബ്രിട്ടീഷ്തടവുകാക്കും ജമ്മൻ തടവുകാക്കും ഹോളണ്ടിൽ പോയി താമസിക്കുവാൻ അനുമതിലഭിച്ചിട്ടുണ്ട്. ഈ തടവുകാരുടെ ചെലവ് അവരവർതന്നെ ചെയ്യേണമെന്നാണ് നിശ്ചയം. അതികഠിനമായി മുറിപ്പെട്ടിട്ടുള്ള തടവുകാരെ പരസ്പരം കൈമാററം ചെയ്യാനും മേല്പറഞ്ഞ ഗവമ്മേണ്ടുകൾ സമ്മതിച്ചിരിക്കുന്നു. തുക്കിയിൽ താമസിക്കുന്ന ബ്രിട്ടീഷ്തടവുകാർ പൊസ്സാററിയ എന്ന സ്ഥലത്തുവച്ചു അവരുടെ ഫോട്ടൊ എടുപ്പിച്ചതിൻെറശേഷം അവയുടെ ഓരോ പ്രതി അവരുടെ ചാർച്ചക്കാക്കു അയച്ചുകൊടുപ്പിക്കേണമെന്നു കൊൺസ്റ്റാന്തിനോപ്പിളിലെ ദലഗാദ് അപ്പസ്തോലിക്കായോടു

അപേക്ഷിക്കുകയും അദ്ദേഹം പടങ്ങളെല്ലാം വത്തിക്കാനിലേക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഈ പടങ്ങളെല്ലാം ഇപ്പോൾ വത്തിക്കാനിലെ ബ്രിട്ടീഷ് സ്ഥാനപതിയെ ഏല്പിച്ചിരിക്കുന്നു.

---

## ഒരു കന്യകയുടെ നിര്യാണം.

ക. നി. മൂ. സ., ബ. അമ. മാ. ക്രിസ്തീനാ എന്ന കന്യക ഇക്കഴിഞ്ഞ മെയ് ൧൦-ാംനു- വെളുപ്പിനു ൭ മണിക്കു മുത്തോലി കന്യകാമഠത്തിൽവച്ചു ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ളാലം ഇടവക പനമറ്റത്തിൽ കാടങ്കാവിൽ ൧൮൮൨-ൽ ഈ മാന്യ ജാതയായി. മാമ്മോദീസായിൽ അവക്കു സിദ്ധിച്ച പേർ അന്ന എന്നായിരുന്നു. വിദ്യാസമ്പാദനത്തിനായി മുത്തോലി ബാലികാമന്ദിരത്തിൽ ചേരുകയും അവിടെവെച്ചു കന്യകാജീവിതം തെരഞ്ഞെടുക്കുകയും ചെയ്തു. അവിടെയും അരക്കുഴമഠത്തിലും കുറേവത്സരങ്ങൾ പാൎത്തശേഷം ൧൯൦൧-ൽ സഭാവസ്ത്രം ധരിച്ച് ൧൯൦൨-ൽ സന്യാസവ്രതങ്ങളെ അനുഷ്ഠിച്ചു. ബാലികാമന്ദിരത്തിൻെറ അദ്ധ്യക്ഷമാണ് ഈ കന്യകക്കു് ഏല്പിക്കപ്പെട്ട ഉദ്യോഗം. ൧൯൧൨ മുതൽ അഞ്ചു സംവത്സരങ്ങളോളം ആ ജോലി തുടരെ വഹിച്ചുവന്നു. മലയാളഭാഷയിൽ സാമാന്യത്തിലധികം വ്യുല്പത്തിയും, സംഗീതനൈപുണിനിമിത്തം ഡോക്ടർ മിച്ചലിൽനിന്ന് അതിലേക്കു ലൈസൻസും സിദ്ധിച്ചിരുന്ന ഈ മഹതിയുടെ നേതൃത്വത്തിൽ മുത്തോലി ബാലികാമന്ദിരത്തിന് അഭ്യുതപൂൎവ്വമായ ഒരു ശ്രേയസ്സ് ഉല്പന്നമായിട്ടുണ്ട്. കുട്ടികളെ ആദ്ധ്യകുമ്പ്വാന ഉൾക്കൊള്ളലിനൊരുക്കുന്ന വിഷയത്തിൽ ഇവർ പ്രദൎശിപ്പിച്ചിരുന്ന തല്പരതയും ചെയ്തു ബുദ്ധിമുട്ടുകളും പ്രശംസനീയമാണ്. ൧൯൧൯-ൽ ചുമ, പനി മുതലായ രോഗങ്ങളാൽ ബാധിക്കപ്പെട്ടു; എങ്കിലും ആദ്യം അത് ഗണ്യമാക്കാതെ കഴിച്ചുകൂട്ടി. അസ്വാസ്ഥ്യം മേൽക്കുമേൽ വൎദ്ധിച്ചുവരികയാൽ ജോലിയിൽനിന്ന് ഒടുവിൽ ഒഴിവാക്കപ്പെടുകയും അവസാനത്തിലെ ൯ മാസങ്ങൾ ശയ്യയിൽത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്തു. ഈ ദീൎഘകാലത്തിനുള്ളിൽ നേരിട്ട രോഗപീഡകളെല്ലാം ധൈൎയ്യത്തോടും ക്ഷമയോടുംകൂടി സഹിക്കുക മാത്രമല്ല, രോഗം നിസ്സാരമെന്നുള്ള ബോധം അന്യന്മാരിൽ ജനിപ്പിക്കുവാൻ പരിശ്രമിച്ചുമിരുന്നു. അന്ത്യക്രൂദാശകളെല്ലാം തക്ക ഒരുക്കത്തോടുകൂടി കൈക്കൊണ്ടു. മരണക്ഷണംവരെ ബോധപ്പകൎച്ച യാതൊന്നും ഉണ്ടായിരുന്നില്ല. സ്വന്ത സഹോദരികളായ കന്യകകൾ ചുററും പ്രാൎത്ഥിച്ചുകൊണ്ടു നില്ക്കവെ, മനസ്സമാധാനത്തോടും ശാന്തതയോടുംകൂടി സ്വാത്മാവിനെ സ്രഷ്ടാവിനു ഭരമേല്പിച്ചു. ഏതു വിഷമതകളും ക്ഷമിക്കുന്നതിനുള്ള ധൈൎയ്യം, നിഷ്കാപട്യം, പരസ്നേഹം, മേലുള്ളവരുടെ പേരിൽ പൂൎണ്ണമായ മനോവിശ്വാസം ഇതുകളായിരുന്നു ഈ കന്യകയിൽ പ്രശോഭിച്ചിരുന്ന സൽഗുണങ്ങൾ. മരണദിവസം രാവിലെ റാസ, പാട്ടുകുബ്ബാനകൾ എന്നിവയും പല ഗുരുക്കന്മാരുടെ പൂജകളും ആത്മാനുകൂല്യാൎത്ഥം സമൎപ്പിക്കപ്പെട്ടു. സ്ഥലം ആശ്രമത്തിലെ വൈദികന്മാരുടേയും, മുത്തോലി കുരുവനാൽ കണ്ണാടിഉറുമ്പു എന്ന സ്ഥലങ്ങളിൽനിന്നു വന്ന വൈദികന്മാരുടേയും, സ്ഥലത്തേയും കണ്ണാടിഉറുമ്പുമഠത്തിലേയും കന്യകകളുടേയും, സമീപത്തും ദൂരസ്ഥലങ്ങളിലുംനിന്നു വന്നുകൂടിയ ഒട്ടധികം ജനങ്ങളുടേയും അകമ്പടിയോടുകൂടി മൃതശരീരം ഉച്ചകഴിഞ്ഞു ൩ മണിക്കു ആശ്രമദേവാലയത്തിൽ കൊണ്ടുപോകയും ഹൃദയസ്പൎശകമായ ഒരു ചരമപ്രസംഗശേഷം അവിടെ സംസ്കരിക്കപ്പെടുകയുംചെയ്തു. ഈ സഹോദരിയുടെ നിത്യസമാധാനത്തിനായി വിശ്വാസികൾ പ്രാൎത്ഥിപ്പാറാകണം.

### മരണം.

ചെറുവാണ്ടൂർ ഇടവകയിലുള്ള കൊന്തസഭക്കാരുടെ ഒരു ശുശ്രൂഷ്കാന്തിക്കാരനായ ചാലപ്പള്ളിൽ കുഴ്യൻ യാക്കോബു് അവർകൾ അന്തിമക്രൂദാശകളെല്ലാം ഭക്തിപൂൎവ്വം കൈക്കൊണ്ടു് ഇക്കഴിഞ്ഞ ജൂൺമാസം ൯-ാംനു- മരണം പ്രാപിച്ചിരിക്കുന്നു. കൊന്തസഭക്കാർ ഈയാളുടെ നിത്യാശ്വാസത്തിനായി പ്രത്യേകം പ്രാൎത്ഥിപ്പാറാകണം.

# മാസികാ വരിപ്പണം അടച്ചവരുടെ പേരുവിവരം.

---

## ഒരു രൂപാവീതം.

മ. രാ. രാ. അവർകൾ.

മേ. കുരുവിള കോയിക്കര, ബ. കുഴിക്കാട്ടിൽ യാക്കോബച്ചൻ, Rev. Fr. Ildephonse D. C. കരിന്തുങ്കൽ പേത്രു അപ്പവി, പ്ലാക്കിയിൽ വലിയകുഞ്ഞു, പായിക്കാട്ടു ഗീവറുഗീസ് ദേവസ്യാ, കുഴ്‌വാളച്ചേരിൽ ചാക്കൊ ചാക്കൊ, കട്ടക്കയത്തിൽ ചെറിയാൻ തൊമ്മൻ, കണ്ടങ്കരിയിൽ വറുഗീസ് പോത്തൻ, മാംമൂട്ടിൽ ഉലഹന്നൻ ഔസേപ്പ്, ആല്പംമൂട്ടിൽ അവിരാ ചാക്കൊ, സി ബി. ജോസഫ് ആറത്തുങ്കൽ, വേളിപ്പറമ്പിൽ ജോസഫ്, എടയാട്ടിൽ മിഖേൽ, വി. കുഴ്യൻ ഷോപ്പുകീപ്പർ മുട്ടം, പുത്തൻപുരക്കൽ ചെറിയാൻ തൊമ്മൻ, കോനാട്ടു കുരുവിള അന്തോനി, തുണ്ടിയിൽ ഔസേപ്പു ശൌര്യാർ, ബ. പുത്തേട്ടു യൌസേപ്പച്ചൻ, തെക്കിനേടത്തു പൌലോ ജോസഫ്, പോളക്കൽ ദേവസ്യാ ഔസേപ്പ്, വടക്കുംമുറിയിൽ തോമ്മാ ഔസേപ്പ്, വെച്ചിയാനിക്കൽ ചെറിയാൻ, ബ. വട്ടംകണ്ടത്തിൽ മത്തായി അച്ചൻ, കുന്നപ്പള്ളിൽ തൊമ്മൻ വക്കി, കുന്നപ്പള്ളിൽ പോത്തൻ പീലിപ്പോസ്, കിഴക്കേവേമ്പേനിക്കൽ ഔസേപ്പു ചാക്കോ, പണ്ടാരക്കളത്തിൽ ചെറിയ കുര്യാക്കോ, പൈനുങ്കൽ നാതേലിൽ വക്കി വക്കി, പുത്തൻപുരക്കൽ പേത്രു ഔസേപ്പ്, കൂത്തുപറമ്പിൽ പൈനുങ്കൽ വക്കി മാത്തു, പാവുൾ ഡിക്രൂസ് അറത്തുങ്കൽ, കൊറച്ചേരിൽ ഉലഹന്നൻ ചാക്കോ, തെപ്പാമ്പിൽ ചാക്കോ വറുഗീസ്, കൊല്ലപ്പള്ളിൽ ദേവസ്യാ, വടക്കേപൈകട തൊമ്മൻ, മണ്ണനാൽ കുന്നുകുഴിയിൽ പുന്നൻ ഔസേപ്പ്, മാന്തിരിക്കൽ ഉലഹന്നൻ, കല്ലറക്കൽ മത്തായി കുഞ്ഞുവക്കി, പിലാക്കീൽ ഉലഹന്നൻ ഔസേപ്പ്, കൊല്ലമ്പറമ്പിൽ ഔസേപ്പു ഔസേപ്പ്, പൂണോളി വക്കി കൊച്ചൗസേപ്പ്, കുന്നപ്പള്ളിൽ മാത്തൻ ചാണ്ടപ്പിള്ള, പള്ളിക്കത്തയ്യിൽ സിൽവർ അഗാത്ത, പുതിയാപറമ്പത്തു പി. വി. യോസഫ്, എലഞ്ഞിക്കൽ കുര്യേപ്പു തയ്യു.

## പലവക

പെ. ബ. കള്ളപ്പുരക്കൽ അന്ത്രയോസച്ചൻ ൨ രൂ., പുളിക്കൽ കുരുവിള ഔസേപ്പ് ൨ രൂ, Rev. Ft. Augustine Conception ൪ രൂ., പാർട്ടി കൊവേന്തയുടെ പെ. ബ. പ്രിയോരച്ചൻ ൨ രൂ, ബ. മുറിക്കൻ ഗീവറുഗീസച്ചൻ ൪ രൂ., കല്ലറക്കൽ കടവിൽ വക്കി ഔസേപ്പ് ൨ രൂ., മററത്തിൽ മത്തായി യാക്കോ ൩ രൂ., തിരുവല്ലാവീട്ടിൽ വറുഗീസ് പോത്തൻ ൨ രൂ., S. Joseph, Xtmas Cottage Kunnukuzhi ൪ രൂ., മുട്ടത്തുപാടമായ ആണ്ടുമാലിൽ കുഞ്ഞാക്കോ മത്തായി ൨ രൂ., പൊള്ളയിൽ അച്ചാ ബ്രിജീത്താ ൨ രൂ., ബ. മുണ്ടാട്ടുചുണ്ടയിൽ മാണിയച്ചൻ ൩ രൂ., ബ. അയ്യങ്കാനാൽ തോമ്മാച്ചൻ ൨ രൂ., സി. സി. ജോസഫ് ആലപ്പുഴ ൨ രൂ., കോട്ടുപ്പള്ളിൽ കോര ഔസേപ്പ് ൨ രൂ., കോട്ടൂർ ചാണിയിൽ മാത്തു വക്കി ൨ രൂ., പാറക്കടവിൽ ചാക്കോ ചാണ്ടി ൨ രൂ., ആലക്കാപ്പറമ്പിൽ കുഞ്ഞവുത മത്തായി ൨ രൂപാ.

REGISTERED No. M. 365

# പഞ്ചാംഗം.

## ൧൯൧൮ ആഗസ്റ്റ്.

| മാസം. | തീയതി. | മാസം. | തീയതി. | ആഴ്ച. | വിശേഷ ദിവസങ്ങൾ. | |
|---|---|---|---|---|---|---|
| ആഗസ്റ്റ്. | 1 | കർക്കടകം. | ൧൭ | വ്യാ | പത്രോ. തുടൽ ന. ആ. ക. പെ. | വെ |
| | 2 | | ൧൮ | വെ | പാ. വേ. എസ്സുപ്പാ. ന. ആ. ക. പെ. | ച |
| | 3 | | ൧൯ | ശ | † വേ. മക്കബായർ ന. ആ. ക. പെ. (ഇ൰ മാ. പ.) | ച |
| | 4 | | ൨൦ | ഞാ | ✠ പന്തക്കു. ൧൧-ാം ന. ക. ആ. | പ |
| | 5 | | ൨൧ | തി | മഞ്ഞു മാ. പള്ളി കൂദാ. ന. ആ. ക. പെ. •൨൩ .൯ .൫ | വെ |
| | 6 | | ൨൨ | ചൊ | (✠) ന. ക. വെളി. ന. ക. പെ. | വെ |
| ● | 7 | | ൨൩ | ബു | അ. വേ. ദൊനാത്തോ. ന. ആ. ക. പെ. | ച |
| | 8 | | ൨൪ | വ്യാ | വേ കറിയാ. കൃ. ന. ക. പെ. | ച |
| | 9 | | ൨൫ | വെ | † മെ൰. മല്പാ. അല്പോൻസ് (ഇ൰ വ.) ന. ആ. ക. പെ. | വെ |
| | 10 | | ൨൬ | ശ | വേ. ലൌറെന്തി. ന. ആ. ക. പെ. | ച |
| | 11 | | ൨൭ | ഞാ | ✠ പന്തക്കു. ൧൨-ാം ന. ക. ആ. .൨൧ .൦ .൨ | പ |
| | 12 | | ൨൮ | തി | ക. ക്ലാര. ന. ആ. ക. പെ. | വെ |
| | 13 | | ൨൯ | ചൊ | † മെ൰. യോഹ. ബെക്ക. ന. ആ. ക. പെ. | വെ |
| | 14 | | ൩൦ | ബു | ക. മാ. കരേററ. തി. നാ. ന. ആ. ക. തി. (ഇ. വി.) | റോ |
| | 15 | | ൩൧ | വ്യാ | ✠ ക. മാ. കരേററം ന. ക. പെ. | വെ |
| | 16 | | ൩൨ | വെ | † മെ൰. റോക്കൊസ ന. ആ. ക. പെ. | വെ |
| | 17 | ചിങ്ങം. | ൧ | ശ | മെ൰. ദൊമിനി ന. ആ. ക. പെ. (ഇ൰. ര.) | വെ |
| | 18 | | ൨ | ഞാ | ✠ പന്തക്കു. ൧൩-ാം ന. ക. ആ. •൧൪ .൧ .൫ | വെ |
| | 19 | | ൩ | തി | † മെ൰. യോവാക്കിം ന. ആ. ക. പെ. | വെ |
| | 20 | | ൪ | ചൊ | മെ൰. ബർണാർദ് ന. ആ. ക. പെ. | വെ |
| | 21 | | ൫ | ബു | † വി. യോഹ. ന. ആ. ക. പെ. | വെ |
| ◐ | 22 | | ൬ | വ്യാ | ക. മാ. കരേ. എട്ടാ. ന. ആ. ക. പെ. | വെ |
| | 23 | | ൭ | വെ | ബത്തലോമ്മാ ത. നാ. ന ആ. ക. ത. | റോ |
| | 24 | | ൮ | ശ | (✠) ബത്തലോമ്മാ ശ്ലീ. ന. ക. പെ. | ച |
| | 25 | | ൯ | ഞാ | ✠ പന്തക്കു. ൧൪-ാം ന. ക. ആ. •൨൩ .൨ .൨ | പ |
| | 26 | | ൧൦ | തി | പാ. വേ. സെഫ്രി ന. ആ. ക. പെ. | ച |
| | 27 | | ൧൧ | ചൊ | † ക. ത്രേസ്യാ ചങ്കകത്തി ന. ആ. ക. പെ. | വെ |
| | 28 | | ൧൨ | ബു | അ. മല്പാ. ആഗുസ്തി ന. ക. പെ. | വെ |
| | 29 | | ൧൩ | വ്യാ | യോഹ. മാംദ. തലകണ്ടി. ന. ആ. ക. പെ. | ച |
| | 30 | | ൧൪ | വെ | † ക. റോസാലീമ. ന. ആ. ക. പെ. | വെ |
| | 31 | | ൧൫ | ശ | † മെ൰. അപ്രസു. റൈമുണ്ടുസു. ന. ആ. ക. പെ. | വെ |

✠ ഈ൰ അടയാളം എല്ലാവക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചിവിലക്കുള്ള ദിവസം. † പുതുതായി ചേക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor, by A. P. Mani at
St. Joseph's Press, Mannanam, 1918.